
പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

ജൂൺ 2009



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധിയിൽ വളർന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ.**



ദൈവത്തിന്റെ പ. അമ്മേ, അങ്ങേ സംരക്ഷണത്തിന്റെ കീഴിൽ ഞങ്ങൾ അഭയം തേടുന്നു. മഹത്വപൂർണ്ണയും അനുഗ്രഹീതയുമായ കന്യകേ, ഞങ്ങളുടെ ആവശ്യങ്ങളിൽ, ഞങ്ങളുടെ അപേക്ഷ നിരസിക്കരുതേ. എല്ലാതിന്മകളിൽ നിന്നും എന്നും ഞങ്ങളെ രക്ഷിക്കണമേ. ദൈവജനനീ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. വെറുപ്പാലും, സ്വാർത്ഥപ്രതിപത്തിയാലും വിഭജിക്കപ്പെട്ടിരിക്കുന്നവരും, അത്യാഗ്രഹത്താൽ പൂട്ടപ്പെട്ടിരിക്കുന്നവരും, കീഴടക്കാനാവാത്ത ഏകാന്തതയാൽ നിറയപ്പെട്ടിരിക്കുന്നവരുമായ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ദുഃഖത്തിലും മരണത്തിലും മാത്രമല്ല നിന്റെ മാതൃഹൃദയത്തിന്റെ ഊഷ്മളതയിലും അന്യോന്യം സഹോദരസ്നേഹത്തിൽ വർത്തിക്കാൻ എപ്പോഴും ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).


# പ്രതീക്ഷയുടെ പൂമൊട്ടുകൾ


ലക്കം 2 ജൂൺ 2009

## ഉള്ളടക്കം


- വ്യക്തിത്വ രൂപീകരണം: കുടുംബത്തിന്റെ ഒരു വെല്ലുവിളി 3
- സന്താനസമ്പന്നയായ മാതാവിന്റെ സന്തോഷത്തിന്റെ നാളുകൾ 4
- രക്ഷയുടെ അനുഭവത്തിലൂടെ 7
- പ്രത്യാശ ഇന്നിന്റെ ആവശ്യം 9
- ആത്മാവിന്റെ കൈപ്പടകൾ 10
- കൗമാരം പ്രശ്നം നിറഞ്ഞതാണോ? 12
- രക്തസാക്ഷികൾ നമ്മൾ 15
- താളം തെറ്റിയ കുടുംബബന്ധങ്ങൾ 18
- വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ സാക്ഷ്യം 20
- ആദ്യ ജാത അജാത 22
- തളർന്നാലും തകരാതെ 24
- LTTE & LEFT രണ്ടിനും ഒരേ ഗതി 28





"വിശുദ്ധി ഒരു യാത്രയാണ്.
കണ്ണുകളടച്ച് പിതാവിന്റെ കൈകളിൽ
കരങ്ങൾവച്ച് വിശ്വസ്തതയോടുകൂടിയ
ചുവടുവയ്പുകളിലൂടെ
ലക്ഷ്യത്തിലെത്തുന്ന ഒരു യാത്ര"
(ബിഷപ് വില്യം ജക്വീൻതാ)




സ്പിരിച്ച്വൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റ്റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigi_press@rediffmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com

എഡിറ്റോറിയൽ



# ജീവജലത്തിന്റെ നിറവിൽ വളർച്ചയിലേക്ക്

കരിഞ്ഞുണങ്ങിയ പുൽമേടുകളും വാടി ത്തളർന്ന ചെടികളും വറ്റിവരണ്ട തോടുകളുമൊക്കെ വേനൽക്കാലയാത്രയിലെ പതിവു കാഴ്ചകളാണ്. ജീവന്റെ നിലനില്പിനും വളർച്ചയ്ക്കും ജലത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ല. ശരിയായി ഫലം പുറപ്പെടുവിക്കണമെങ്കിൽ വളത്തോടൊപ്പം വെള്ളവും അത്യാവശ്യമാണല്ലോ.

സഭാതരുവിന്റെ വളർച്ചയുടെ ആദ്യകാലം... ശ്ലീഹന്മാരിൽ അടിസ്ഥാനമിട്ട സഭയുടെ വളർച്ചയ്ക്കാവശ്യമായതെല്ലാം നല്കിയിട്ടാണ് ഈശോ സ്വർഗ്ഗാരോഹണം ചെയ്തത്. “ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല” (യോഹ 14,18) എന്ന വാഗ്ദാനം ഉത്ഥാനത്തിനുശേഷം അവിടുന്നു പൂർത്തിയാക്കി (യോഹ 20,22).

ഉയിർപ്പുകാലത്തിനുശേഷം ശ്ലീഹാക്കാലത്തിലേക്കും തുടർന്ന് കൈത്താക്കാലത്തിലേക്കും നാം പ്രവേശിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ ശക്തിപ്രാപിച്ച് വളർച്ചയുടെ പാതയിലേക്ക് നീങ്ങുന്ന സഭയുടെ കാലം. സഭയുടെ വളർച്ച സഭാമക്കളുടെ വളർച്ചയാണ്. മാമ്മോദീസായിലൂടെയും ഇതരകൂദാശകളിലൂടെയും പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി തീർന്ന ഓരോരുത്തരും ജീവിതത്തിലൂടെ ഈശോയ്ക്ക് സാക്ഷ്യം നല്കാൻ കടപ്പെട്ടവരാണ്. തെളിഞ്ഞും ഒളിഞ്ഞും വിശ്വാസത്തിനെതിരായ അലയടികൾ ഉയരുന്ന കാലിക സമൂഹത്തിലും സാഹചര്യങ്ങളിലും നാം നിസംഗരായി നിന്നുകൂടാ. ആദിമനൂറ്റാണ്ടുകളിൽ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താലാണ് സഭ പരിപോഷിക്കപ്പെട്ടത്. അവരുടെ മിശിഹാനുഭവം സ്വന്തമാക്കി അവരുടെ പ്രഘോഷണത്തിന്റെയും വിശ്വാസ സംരക്ഷണത്തിന്റെയും മാതൃക നമുക്ക് പിഞ്ചെല്ലാം. അവരുടെ വിശ്വാസതീക്ഷ്ണത നമ്മിലും ജ്വലിക്കട്ടെ. “എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധ ലിഖിതം പ്രഖ്യാ പിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും” (യോഹ 7,37) എന്ന തിരുവചനത്തിൽ അടിയുറച്ച്, ആത്മാ വിന്റെ ദാനഫലങ്ങളാൽ സമ്പുഷ്ടരാക്കപ്പെട്ട്, നല്ല ഇടയന്റെ കാലടികളെ പിൻതുടരുന്ന യഥാർത്ഥ അജഗണങ്ങളായി മുന്നോട്ട് നീങ്ങാം... ജീവജലത്തിന്റെ നിറവിൽ വളർച്ചയിലേക്ക്...

● ഷിനി മുതുപ്ലാക്കൽ

ശ്ലൈഹികനിറവിൽ പാപ്പായോടൊപ്പം

# വ്യക്തിത്വരൂപീകരണം: കുടുംബത്തിന്റെ ഒരു വെല്ലുവിളി

● ലീന അറയ്ക്കൽ

ജനസമൂഹങ്ങളുടെ അടിസ്ഥാനഘടകമാണ് കുടുംബം. ഒപ്പം മാതാപിതാക്കളുടെ ഉദാരതയുടെയും പൂർണ്ണമായ സ്വയംദാനത്തിന്റെയും പരിപൂർണ്ണസ്നേഹത്തിന്റെയും ഫലമായി മക്കൾക്ക് ഈ ലോകത്തിലേക്ക് കടന്നുവരാനുള്ള യാഥാർത്ഥ്യവുമാണ്; മറ്റൊന്നും പകരം വയ്ക്കാനാവാത്ത ഒരു യാഥാർത്ഥ്യം. ഓരോ വ്യക്തിയുടെയും രൂപീകരണത്തിന് കുടുംബം അടിസ്ഥാനഘടകമാണെന്ന് വി. യൗസേപ്പിതാവിനേയും പരി. മറിയത്തേയും ആദരിച്ചനുസരിച്ചുകൊണ്ടുള്ള ജീവിതത്തിലൂടെ ഈശോ വ്യക്തമാക്കിത്തന്നു. കുടുംബമാണ് മനുഷ്യത്വത്തിന്റെയും അനശ്വരമൂല്യങ്ങളുടെയും യഥാർത്ഥ വിദ്യാലയം.


(ആരും ഈ ഭൂമിയിൽ സ്വയം ജനിച്ചുവീണവരല്ല. മറ്റുള്ളവരിലൂടെ കരഗതമായ നമ്മുടെ ജീവൻ അപരനോടുള്ള ഐക്യത്തിൽനിന്നും ബന്ധത്തിൽനിന്നും ലഭിക്കുന്ന മൂല്യത്താലും സത്യത്താലും വളർന്ന് പക്വത പ്രാപിക്കുന്നു. ഈ അർത്ഥത്തിൽ വിവാഹമെന്ന കൂദാശയിൽ അടിസ്ഥാനമിട്ട കുടുംബം മനുഷ്യബന്ധങ്ങളുടെ സമൂഹപരവും പുത്രത്വപരവുമായ മാനങ്ങളെ പ്രകടമാക്കുന്നു). ഓരോ മനുഷ്യവ്യക്തിക്കും അവന്റേതായ മഹത്ത്വത്തോടെ ജനിക്കുന്നതിനും സമഗ്രവളർച്ചയും വ്യക്തിത്വവികാസവും പ്രാപിക്കുന്നതിനും ഏറ്റവും അനുയോജ്യമായ സാഹചര്യവും കുടുംബമാണ്. എന്നാൽ കുടുംബത്തിന്റെ രൂപീകരണമെന്നത് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മിഥ്യാധാരണയാൽ ശിഥിലമാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൽഫലമായി ഓരോരുത്തരും സ്വാർത്ഥതയുടെ തടവിൽ സ്വയം ബന്ധനസ്ഥരായി കഴിയുന്നു.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിലാണ് മനുഷ്യന്റെ യഥാർത്ഥസ്വാതന്ത്ര്യം നിലകൊള്ളുന്നത്. ഈ ദൈവിക ഛായയും സാദൃശ്യവും യഥാർത്ഥ നന്മയ്ക്കായി, സ്നേഹത്താൽ പ്രേരിതരായി സ്വയംദാനമായിത്തീരുന്നതിലേക്ക് നയിക്കുമ്പോഴാണ് സ്വാതന്ത്ര്യം. അനുഭവവേദ്യമാകുന്നത്. ഈ ലക്ഷ്യപ്രാപ്തിക്ക് തത്ത്വങ്ങളേക്കാൾ ആവശ്യമായിരിക്കുന്നത് കുടുംബത്തിന്റെ സാന്നിദ്ധ്യവും അതിന്റെ സ്നേഹസവിശേഷതകളുമാണ്. ഈ ഗാർഹികാന്തരീക്ഷത്തിലാണ് ജീവനും ആരോഗ്യവും സ്വാതന്ത്ര്യവും സമാധാനവും നീതിയും സത്യവും ബഹുമാനവും മൂല്യങ്ങളും എല്ലാം പരിശീലിപ്പിക്കപ്പെടുന്നത്.

ദൈവത്തിലുള്ള ആശ്രയത്വം വർദ്ധിപ്പിക്കുക എന്നതാണ് കുടുംബങ്ങളും മനുഷ്യകുലം മുഴുവനും നേരിടുന്ന വെല്ലുവിളികൾക്കുള്ള ക്രിസ്തീയമറുപടി. ഇതിനെ പരിപോഷിപ്പിക്കുന്നത് ദൈവവചനശ്രവണമാണ്. ദൈവം തന്റെ സജീവവും ശക്തവുമായ വചനത്തിലൂടെ സംസാരിക്കുന്നത് ശ്രവിക്കാനായി തുറന്ന ഹൃദയത്തോടെ കുടുംബാംഗങ്ങൾ അവിടുത്തെ തിരുമുമ്പിൽ ഒന്നുചേർന്നിരിക്കുന്നത് എത്രയോ മനോഹരമാണ്. പ്രാർത്ഥനയിൽ പ്രത്യേകിച്ച് ജപമാലയിൽ, കുടുംബാംഗങ്ങൾ ഒത്തൊരുമിച്ച് ഈശോയുടെ ജീവിതരഹസ്യങ്ങൾ ധ്യാനിക്കുകയും സ്വജീവിതത്തിൽ അത് പുനരവതരിപ്പിക്കാൻ തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതായി ഹൃദയത്തിൽ അനുഭവിക്കുകയും ചെയ്യുന്നു.

ഇന്ന് മറ്റെല്ലാത്തിനുമുപരിയായി ആവശ്യമായിരിക്കുന്നത് ജീവിതസാക്ഷ്യവും എല്ലാ ക്രൈസ്തവവിശ്വാസികളുടേയും പരസ്യപ്രയത്നവുമാണ്. പുരുഷനും സ്ത്രീയും തമ്മിലുള്ള അഭേദ്യബന്ധമായ വിവാഹത്തിൽ അടിസ്ഥാനമിട്ട കുടുംബത്തിന്റെ മഹത്ത്വവും പകരം വയ്ക്കാനാവാത്ത മൂല്യവും സുദൃഢമാക്കാൻ ഏവരുടെയും സഹകരണം ആവശ്യമാണ്.

*(കുടുംബങ്ങളുടെ സാർവ്വത്രിക സമ്മേളനത്തിൽ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ നല്കിയ ഉപസംഹാരപ്രസംഗത്തിന്റെ സ്വതന്ത്രവിവർത്തനം)*



# കൈത്താക്കാലം: സന്താനസമ്പന്നയായ മാതാവിന്റെ സന്തോഷത്തിന്റെ നാളുകൾ

● സി. റോസിലിൻ S.S.T.



ആധുനാധുനികരണത്തിന്റെയും വിവരസാങ്കേതികതയുടെയും പുത്തൻ യുഗത്തിൽ ലോകം തന്റെ കൈപ്പിടിയിൽ ഒതുങ്ങിയെന്നു ചിന്തിക്കുമ്പോഴും വിശ്വാസിയായ ഒരു മനുഷ്യൻ ദൈവമാകുന്ന മഹാരഹസ്യത്തിന്റെ മുൻപിൽ വിസ്മയപൂർവ്വം പകച്ചുനിൽക്കുന്നു. തന്റെ ബുദ്ധിക്ക് അതീതമായ ആ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ അവൻ തന്റെ പരിമിതി നന്നായറിയുന്നു. ദൈവം വെളിപ്പെടുത്താതെ മനുഷ്യന് ഒരിക്കലും ദൈവത്തെ കാണുവാനോ ദൈവികസത്തയുടെ ഉള്ളറിയാനോ കഴിയില്ല. തന്റെ മക്കളുടെ ഈ പരിമിതി നന്നായറിയാവുന്നതുകൊണ്ടാണ് സഭാ മാതാവ് അതിധന്യമായ ആരാധനാവത്സരം അവർക്കായി ക്രമീകരിച്ചത്. ദൈവം തന്റെ ആവിഷ്കാരത്തിനു തിരഞ്ഞെടുത്തത് സഭയുടെ വേദികയാണ്. സഭയ്ക്ക് മാത്രമേ ദൈവിക വെളിപാട് പൂർണ്ണമായി ഗ്രഹിക്കാനും അതിന് ഔദാര്യത്തോടെ പ്രത്യുത്തരം നൽകാനും സാധക്കൂ. അതുകൊണ്ട് അവൾ താനാകുന്ന മണിസൗധത്തിൽ നിവസിക്കുന്ന തന്റെ മക്കൾക്ക് ദൈവിക രഹസ്യത്തിന്റെ അനന്ത വിഹായസ്സ് ദർശിക്കുവാൻ ആരാധനാവത്സരത്തിലെ ഒൻപത് കാലങ്ങളാകുന്ന ജനാലകൾ സജ്ജീകരിച്ചിരിക്കുന്നു. ദൈവികരഹസ്യം ഒന്നുമാത്രം. അനന്തവും അഗ്രാഹ്യവും അവർണ്ണനീയവുമായ ആ രഹസ്യത്തെ വിവിധ കോണുകളിലൂടെ വീക്ഷിച്ച് അതിന്റെ പൊരുളു ഗ്രഹിക്കുവാൻ തന്റെ മക്കളെ സഭാ മാതാവ് പരിശീലിപ്പിക്കുന്നു.

ദൈവം മനുഷ്യനായ മഹാരഹസ്യത്തെ "അമ്മനുവേലിനെ" വിശ്വാസത്തിന്റെ നയനങ്ങൾകൊണ്ട് നോക്കിക്കാണുവാൻ മംഗലവാർത്തക്കാലമാകുന്ന ജനൽ തന്റെ മക്കൾക്കായി തുറന്നുനൽകിയ സഭ പിതാവിന്റെ സത്തയുടെ ദനഹാ (ആവിഷ്കാരം) യായി ലോകത്തിൽ പ്രഭതൂകിയ പുത്രനെ ദനഹാക്കാലമാകുന്ന ജനാലയിലൂടെ അവർക്ക് കാണിച്ചുകൊടുത്തു. പിതാവിന്റെ 'ദനഹാ'യാകുവാൻ പുത്രൻ സ്വീകരിച്ച മാർഗ്ഗം തന്റെ മക്കളും പഠിക്കണമെന്ന് ശഠിക്കുന്ന സഭ താതഹിതം നിറവേറ്റുവാനായി ദാസന്റെ രൂപം സ്വീകരിച്ച് സ്ലീവാമരണത്തോളം കീഴ്വഴങ്ങിയ പുത്രനിലേക്ക് ഉറ്റുനോക്കുവാൻ നോമ്പുകാലമാകുന്ന ജനലും

തുറന്നുനൽകി. ഏകജാതന്റെ അടുത്തു വസിക്കുവാനും അവന്റെ ഉപവാസകരും ഉപാസകരുമാകുവാനും തപചര്യകളുടെ മാർഗ്ഗം ആശ്ലേഷിക്കുവാൻ ആ അമ്മ തന്റെ മക്കളുടെ ചെവികളിൽ മന്ത്രിക്കുന്നു. പുത്രന്റെ ഹൃദയത്തിന്റെ താളം സ്വന്തം ഹൃദയതാളമാക്കി അവന്റെ ദനഹായും അവന്റെ മഹത്ത്വത്തിന്റെ കിരണങ്ങളുമാകുവാൻ തന്റെ മക്കൾക്ക് പ്രചോദനം ലഭിക്കുവാൻ അവന്റെ വിജയത്തിന്റെ രഹസ്യവും ഉയിർപ്പുകാലമാകുന്ന ജനാലയിലൂടെ അവൾ അവർക്കായി കാണിച്ചു കൊടുത്തു. അവന്റെ ഉത്ഥാനത്തിന്റെ സന്ദേശം ജീവിതത്തിലൂടെ ലോകം മുഴുവനോടും ഘോഷിക്കുവാൻ അവന്റെ മാമ്മോദീസാ മുതൽ ഉത്ഥാനംവരെയും സ്വർഗ്ഗത്തിലേക്ക് അവൻ എടുക്കപ്പെട്ട നാൾവരെയും അവന്റെ കൂടെ വസിച്ച ശ്ലീഹന്മാർ എന്തു ചെയ്തുവെന്ന് ഗ്രഹിക്കുവാനും അവരുടെ കാലടി പാടുകൾ പിന്തുടരുവാനും പ്രോത്സാഹിപ്പിച്ചുകൊണ്ട് ശ്ലീഹാക്കാലമാകുന്ന ജനാലയും അവൾ അവരുടെ മുൻപിൽ തുറന്നുനൽകി.

ഇതാ ഇപ്പോൾ അവൾ തന്റെ മക്കളെ മാറോടുചേർത്ത് വൈത്താക്കാലമാകുന്ന ജനാലയ്ക്കരുകിൽ നിൽക്കുന്നു. 'അമ്മനുവേൽ' അനുഭവത്തിൽ ആഴപ്പെട്ട് ഈശോയുടെ 'ദനഹാ'യായി ലോകത്തിൽ പരിശോഭിച്ച് അവന്റെ സഹനമരണങ്ങളുടെ രക്ഷാകരമായ അർത്ഥം ലോകത്തിന് പറഞ്ഞുകൊടുത്ത്, ഉത്ഥാനത്തിലൂടെ അവൻ നേടിയ വിജയത്തിന്റെ സന്ദേശം ഭൂമിയുടെ അതിർത്തികളോളം പ്രഘോഷിച്ച്, അവനിൽ വിശ്വസിച്ചവർക്ക് മാമ്മോദീസായിലൂടെ തന്റെ മക്കളാകുവാൻ അവസരം നൽകിയ തന്നിൽ ഈ യാത്ര



സമ്മാനിച്ച മാറ്റം നോക്കിക്കാണുവാൻ വൈത്താക്കാലത്തിന്റെ ജനാലയും അവൾ മക്കൾക്കു മുമ്പിൽ തുറക്കുന്നു. ഈശോമിശിഹായുടെ മൗതിക ശരീരമായി പരിശോഭിക്കുന്ന തന്നിലേക്ക് ഉറ്റുനോക്കുവാൻ അവൾ അവരെ പ്രേരിപ്പിക്കുന്നു. സന്താനസമ്പന്നയായി സന്തോഷിക്കുന്ന ഒരു അമ്മയെ അവളുടെ മക്കളായ നമുക്ക് അവിടെ കാണുവാൻ കഴിയുന്നു. മുന്തിരിച്ചെടിയോടു ചേർന്നുനിന്ന് നൂറുമേനി ഫലം പുറപ്പെടുവിച്ച ശാഖകളായി അവളുടെ രൂപം അവിടെ പരിശോഭിക്കുന്നു.

'വൈത്താ' എന്ന വാക്കിന്റെ സാമാന്യ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലം വിളവെടുപ്പുകാലമാണ്. രക്ഷണീയ കർമ്മത്തിലെ ഒരു പ്രത്യേക സംഭവത്തോടും ബന്ധപ്പെടാതെ നിലകൊള്ളുന്ന ഈ കാലം യഥാർത്ഥത്തിൽ സഭയുടെ ധ്യാനമായി, തിരിഞ്ഞുനോട്ടമായി (Retreat) വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ശിരസ്സിനോട് അവയവങ്ങൾ എന്നപോലെ മുന്തിരിച്ചെടിയോട് ശാഖകൾ എന്നപോലെ ചേർന്നുനിന്നപ്പോൾ തന്നിൽ സംഭവിച്ച വിസ്മയകരങ്ങളായ മാറ്റങ്ങൾ അവൾ മനനവിഷയമാക്കുന്നു. വൈത്താക്കാലം സഭയുടെ പക്വതയെ ആഘോഷിക്കുന്നു. ശ്ലീഹന്മാരുടെ പ്രയത്നം വഴിയായി ലോകം മുഴുവനിലേക്കും വളർന്നു പന്തലിച്ച സഭാതരു പുറപ്പെടുവിക്കുന്ന സത്ഫലങ്ങളിലേക്കാണ് ഈ കാലം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുക.


രക്തസാക്ഷികളുടെ ചുടുനിണമാണ് അവൾക്ക് വളമായത്. അങ്ങനെ വളർന്നു വികസിച്ച് പടർന്ന സഭാതരു അനേകമനേകം സഹദാമാർക്കും വിശുദ്ധർക്കും ജന്മം നൽകി. അതുകൊണ്ട് സന്താനസമ്പന്നയായ ഈ മാതാവ് തന്റെ സത്ഫലങ്ങളായ രക്തസാക്ഷികളേയും വിശുദ്ധരേയും അനുസ്മരിക്കുവാൻ ഈ കാലത്തിൽ പ്രത്യേകം ശ്രദ്ധി

ക്കുന്നു. കാലം ആരംഭിക്കുന്നതുതന്നെ 'നൂസർദേൽ' എന്ന തിരുന്നാളോടെയാണ്. 'ദൈവത്തിന്റെ പുതുവത്സര' മെന്നർത്ഥം വരുന്ന ഈ നൂസർദേലിൽ ദൈവത്തിനായി സഭയിലൂടെ ഉദ്ഘാടനം ചെയ്യപ്പെട്ട പുതിയ വത്സരത്തിന് അടിത്തറപാകിയ പന്ത്രണ്ടുശ്ലീഹന്മാർ അനുസ്മരിക്കപ്പെടുന്നു. കർത്താവിന്റെ മരണത്തോട് ചേർന്ന് അവനുവേണ്ടി ജീവിതം സമർപ്പിച്ച വിശുദ്ധരുടെ നിർമ്മല സ്മരണ വെള്ളിയാഴ്ചകളിൽ കൊണ്ടാടുക നമ്മുടെ സഭയുടെ ധന്യമായ പാരമ്പര്യമാണ്. ദനഹാക്കാലത്തെന്നതുപോലെ തന്നെ കൈത്തായിലെ വെള്ളികളും സഭാതരുവിന് വളമായിമാറിയ സഹദാമാരുടെ അനുസ്മരണ ദിനങ്ങളാണ്. ഒന്നാം വെള്ളിയാഴ്ച നിസിബിസ്സിലെ മാർ യാക്കോബും രണ്ടാം വെള്ളിയാഴ്ച കിഴക്കിന്റെ പ്രേഷിതരായ മാർ അദ്ദായിയും മാർ മാറിയും അഞ്ചാം വെള്ളി യാഴ്ച മർത്ത് ശെമോനിയും ഏഴു പുത്രന്മാരും ആറാം വെള്ളിയാഴ്ച മാർ ശെമ്യോൻ ബർസബായും കൂട്ടരും ഏഴാം വെള്ളിയാഴ്ച സഹദായായ മാർ ഖർദാഗും സഭയുടെ നിർമ്മലമായ പീഠത്തിൽ ഓർമ്മിക്കപ്പെടുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണവും മർത്ത് കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണവും സാമാന്യഗതിയിൽ ഈ കാലത്തിൽതന്നെ ആഘോഷിക്കപ്പെടുന്ന തിരുനാളുകളാണ്. ഇവ രണ്ടും കാലത്തിന്റെ ചൈതന്യത്തോടു ചേർന്നു പോകുന്നതു തന്നെയാണ്. മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകർമ്മത്തിൽ സഹകാരിയാകുന്ന ഒരു വ്യക്തി തീർച്ചയായും ഈശോയുടെ തേജസ്ക്കരണത്തിൽ ഭാഗഭാക്കാകും; ഉത്തമ ഉദാഹരണം മർത്ത്മറിയം തന്നെ. ഒരർത്ഥത്തിൽ അവളുടെ തേജസ്ക്കരണത്തിന്റെ ആഘോഷ മാണ് അവളുടെ സ്വർഗ്ഗാരോപണതിരുനാൾ. സഭാമാതാവിന്റെ ഏറ്റവും ശ്രേഷ്ഠമായ ഫലം അവൾതന്നെ.



കൈത്താക്കാലത്ത് സന്താനസമ്പന്നയായ മാതാവിന്റെ സന്തോഷത്തിൽ നാം പങ്കുചേരുമ്പോൾ നാം ഓരോരുത്തരും ആയിത്തീരേണ്ട അവസ്ഥയെയാണ് നാം ആഘോഷിക്കുക. സഭയുടെ സത്ഫലങ്ങളുടെ കൂടെ എണ്ണപ്പെടുവാൻ നമുക്ക് മുൻപേ വിശുദ്ധിയിൽ ജീവിച്ച് സഭാതരുവിന്റെ വളമായിത്തീർന്ന വിശുദ്ധരുടെയും രക്തസാക്ഷികളുടെയും മാർഗ്ഗത്തിൽ നടന്നുനീങ്ങുവാൻ നമുക്കും യത്നിക്കാം. കൈത്തായിലെ മൂന്നും നാലും വെള്ളിയാഴ്ചകൾ ഒഴിച്ചിട്ടിരിക്കുന്നത് ഒരു പക്ഷേ സഭാമാതാവിന്റെ പുതിയ മക്കൾ വിശുദ്ധരാകുമ്പോൾ അവരെ അനുസ്മരിക്കാനാകും. സഭയുടെ പീഠത്തിൽ അനുസ്മരിക്കപ്പെടുവാൻ നമുക്കോരോരുത്തർക്കുമുള്ള സാധ്യതയെ നിരന്തരം അനുസ്മരിപ്പിച്ചുകൊണ്ടാണ് ആ വെള്ളിയാഴ്ചകൾ അവിടെ നിൽക്കുക. സഭാതരുവിൽ വിളയുന്ന പുത്തൻ ഫലങ്ങളാകുവാൻ, മിശിഹായാകുന്ന മുന്തിരിച്ചെടിയോടു ചേർന്നു നിൽക്കുന്ന സഭയുടെ ജീവസ്സുറ്റ ശാഖകളായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം.





# രക്ഷയുടെ അനുഭവത്തിലൂടെ

● ഫാ. മാത്യു വെള്ളാനിക്കൽ

വി. പൗലോസ് താൻ അറിയിച്ച സുവിശേഷത്തിന്റെ അന്തഃസത്തയെ 'രക്ഷയുടെ സുവിശേഷം' എന്നാണ് പറയുന്നത്. കാരണം സുവിശേഷം എല്ലാവരെയും രക്ഷയിലേക്ക് നയിക്കുന്ന ദൈവശക്തിയാണെന്ന് റോമാ 1,16-ൽ അദ്ദേഹം വ്യക്തമാക്കുന്നു. മിശിഹായിലൂടെയാണ് ദൈവത്തിന്റെ രക്ഷ അഥവാ വിശുദ്ധി മനുഷ്യകുലത്തിന് വെളിപ്പെട്ടിരിക്കുക.

പാപം ദൈവവുമായുള്ള സ്നേഹബന്ധം അഥവാ കൂട്ടായ്മ നഷ്ടപ്പെടുത്തുന്നു. മിശിഹായാണ് ദൈവത്തിന് പുറംതിരിഞ്ഞ ഈ ലോകത്തെ ദൈവവുമായി രമ്യതപ്പെടുത്തിയത് (2 കോറി 5,19). ദൈവസ്നേഹത്തിൽനിന്നും അകന്ന് അരുതാത്ത ബന്ധങ്ങളിൽ പെടുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതകൾ ദൈവവുമായുള്ള അനുരഞ്ജനത്തിലൂടെ അപ്രത്യക്ഷമാകും. അങ്ങനെ സ്വസ്ഥതയും സമാധാനവും ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന ഒരു സ്ഥിതിവിശേഷമാണ് രക്ഷയുടെ അനുഭവം നമുക്കു നൽകുന്നത്.

സമാധാനം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് (ഗലാ 5,22). ലൗകികചിന്തകളും താല്പര്യങ്ങളും കടന്നുവരാതെ ഹൃദയത്തെ കാത്തുസൂക്ഷിക്കുന്ന ഒരു കാവൽക്കാരനെപ്പോലെ പരിശുദ്ധാത്മാവിലുള്ള സമാധാനം നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കും (ഫിലി 4,7). ഇങ്ങനെ നമ്മുടെ ഹൃദയം പൂർണ്ണമായും സമാധാനത്താൽ നിറഞ്ഞതും ഭരിക്കപ്പെടുന്നതുമായ അവസ്ഥയാണ് ഈ രക്ഷയിലൂടെ കരഗതമാകുന്നത്.

ദൈവത്തിന്റെ സ്നേഹാനുഭവത്തിലേക്കുള്ള പ്രവേശനമാണ് രക്ഷയുടെ അനുഭവത്തിന്റെ മറ്റൊരു പ്രധാന വശം. മാമ്മോദീസായിലൂടെ രക്ഷയിലേക്ക് കടന്നുവരുന്നവർക്ക് ഈ ദൈവകൃപയിലേക്കുള്ള പ്രവേശനത്തിന്റെ അനുഭവം ലഭിക്കുന്നത് ദൈവവുമായുള്ള പിതൃ-പുത്രബന്ധത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിച്ചുകൊണ്ടാണ്. ഈ ബന്ധത്തിൽ നിലനിൽക്കുവാനും സ്വർഗ്ഗീയ പിതാവിന്റെ നിലയ്ക്കാത്ത സ്നേഹം അനുഭവിക്കുവാനും സാധിക്കുമ്പോ

ഴാണ് നമുക്ക് രക്ഷ ഒരനുഭവമായിത്തീരുന്നത്.

രക്ഷയുടെ അനുഭവത്തിന്റെ മറ്റൊരു പ്രധാനവശമാണ് പ്രത്യാശ. ദൈവപുത്രത്വം സഹനം ഉൾക്കൊള്ളുന്നതാണ്. മഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ അഭിമാനിക്കുമ്പോൾ മഹത്ത്വത്തിനു കാരണമായ സഹനങ്ങളിലും കഷ്ടതകളിലും അഭിമാനിക്കുവാൻ സാധിക്കും. റോമാ 5,5-ൽ പറയുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു". ദൈവമക്കൾക്കടുത്ത നല്ല ബന്ധങ്ങൾ എല്ലാവരോടും പുലർത്തുവാൻ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തനനിരതമാകും.

ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ മുമ്പിലാണ് നമ്മുടെ പാപത്തിന്റെ യഥാർത്ഥ സ്വഭാവവും, ഗൗരവവും നമുക്കു മനസ്സിലാകുക. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ കൃപാദാനത്തിന്റെ പ്രവൃത്തികളോട് ചേർന്നുനിൽക്കാനും അവയോട് സഹകരിക്കാനും നാം ആത്മാർത്ഥമായി പരിശ്രമിക്കണം.

കൃപാദാനത്തിന്റെ സമൃദ്ധിയിലേക്ക് വി. പൗലോസ് പ്രത്യേകമായി നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. "പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു". പാപത്തിന്റെ ദുരന്തഫലങ്ങൾ എത്ര വലുതാണെങ്കിലും ദൈവത്തിന്റെ കൃപ അവയെല്ലാം അതിജീവിക്കുകയും ആത്യന്തികമായി പാപത്തിന്മേൽ വിജയിക്കുകയും ചെയ്യും. ഈ വിശ്വാസമാണ് നമുക്ക് ആത്മധൈര്യം പകർന്നു നൽകേണ്ടത്. "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും" (റോമാ 10,13). ആത്മവിശ്വാസത്തോടുകൂടി മിശിഹായിലൂടെ നമ്മിൽ പ്രവർത്തനനിരതമാകുന്ന ദൈവകൃപയോട് സഹകരിച്ചുകൊണ്ട് തിന്മയെ അതിജീവിക്കുവാനും രക്ഷയിൽ സ്ഥിരതയോടെ നിലനിൽക്കുവാനും നമുക്ക് കഴിയണം.




വാതിലുകളും ജനാലകളും ഒന്നും ഇല്ലാത്ത ഒരു മുറി. അതിൽ അടയ്ക്കപ്പെടാൻ വിധിക്കപ്പെട്ട ഒരുവൻ... അദ്ദേഹം പരക്കം പായുകയാണ്, സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ അല്പം ശുദ്ധവായു ലഭിക്കാനായി... വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അഹങ്കാരത്തിന്റെയും അക്ഷമയുടെയും സ്വാർത്ഥതയുടെയും ഒക്കെ മാലിന്യങ്ങൾ മറഞ്ഞിരിക്കുന്ന ആ മുറിയിൽ, ദുർഗന്ധം ശ്വാസം മുട്ടിക്കുന്ന ആ മുറിയിൽ, അദ്ദേഹത്തെ ക്ഷണിച്ചുവരുത്തി അടച്ചിട്ടവനോടുള്ള കോപത്താൽ എന്റെ ഉള്ളം ആളിക്കത്തി. ചെയ്യാൻ പാടില്ലാത്തത് ചെയ്യുന്ന ദ്രോഹി - എന്റെ മനസ്സു പിറുപിറുത്തു.

പെട്ടെന്ന് ഹൃദയാന്തരങ്ങളിലേക്ക് വീണ്ടുവിചാരത്തിന്റെ ഒരു വെള്ളിവെളിച്ചം...

നിന്റെ ഹൃദയമാണീ മുറി. പരിശുദ്ധാത്മാവിന്റെ ആലയമായി, പരിശുദ്ധമായി കാക്കേണ്ട മുറി. അവിടെ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധന് നീ കൊടുക്കുന്ന അനുഭവമെന്തെന്ന് ഇനിയും വിശദീകരിക്കേണ്ടതുണ്ടോ? മാമ്മോദീസായിൽ കടന്നുവന്നു നിന്റെ ഈ വിളി. അന്ന് പരിശുദ്ധമായ ആലയമായിരുന്നു അത്...

അരുതാത്തത് ചിന്തിച്ചും ചെയ്തും പറഞ്ഞും കൂട്ടുമ്പോൾ അരുതേ എന്ന് ആത്മാവ് എത്രയോ വട്ടം കേണു? കേണു കേണു നേർത്തതെങ്കിലും ഇപ്പോഴും നിനക്കുവേണ്ടി മന്ത്രിക്കുന്നുണ്ട് ആ സ്വരം - ഒരിക്കലും വിട്ടുപിരിയാത്ത നന്മയുടെ സാന്നിധ്യമായി... ശ്രവിക്കുമോ നീ...

● ലിയാ സാബു




# പ്രത്യാശ - ഇന്നിന്റെ ആവശ്യം

• റോസമ്മ കുന്നേൽ

ഇന്നത്തെ ലോകത്തിന്റെ സ്ഥിതി നോക്കിയാൽ പ്രത്യാശ നഷ്ടപ്പെട്ട ഒരു അവസ്ഥാവിശേഷമാണ് എവിടെയും കാണാൻ സാധിക്കുന്നത്. ക്രൈസ്തവരുടെ മുഖമുദ്രയാണ് പ്രതീക്ഷ. എന്നാൽ ക്രൈസ്തവരിലും എന്തിനേറെ, ക്രൈസ്തവജീവിതം കൂടുതൽ തീവ്രതയിൽ ജീവിക്കുവാൻ പ്രതിജ്ഞാബദ്ധരായ സമർപ്പിതരുടെ ഇടയിൽപ്പോലും പ്രതീക്ഷ നഷ്ടപ്പെട്ട ഒരു അവസ്ഥാവിശേഷമാണ് കടന്നുകൂടിയിട്ടുള്ളതെന്ന് തോന്നിപ്പോകുന്നു. ക്രൈസ്തവരും സമർപ്പിതരും ഏറെയുള്ള കൊച്ചു കേരളത്തിലാണ് നമ്മെ അമ്പരപ്പിക്കുന്ന രീതിയിലുള്ള ആത്മഹത്യകൾ ദിനംപ്രതി അരങ്ങേറുന്നത്. ഇവിടെ ദൈവത്തിൽ ആശ്രയംവച്ച് ജീവിതത്തെ നേരിടാൻ കഴിയാതെ പോകുന്നവരെ 'ദൈവമേ, അവിടുത്തെ അനന്തകാരുണ്യത്താൽ അങ്ങ് തേടിയെത്തി സ്വന്തമാക്കണമേ' എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

എവിടെനിന്നാണ് ഈ പ്രത്യാശ നമുക്ക് കരഗതമാകുന്നത്? പ്രത്യാശ ദൈവിക പുണ്യങ്ങളിൽ ഒന്നാണ്. മാമ്മോദീസായിലൂടെ നാം അരൂപിയിൽ ജനിച്ചപ്പോൾ ദൈവം നമ്മിൽ നിവേശിപ്പിച്ച ദൈവികപുണ്യങ്ങളാണ് വിശ്വാസം, പ്രത്യാശ, ഉപവി എന്നിവ.

മനുഷ്യജീവിതം വളരുന്നതുപോലെ ആദ്ധ്യാത്മികജീവിതവും വളരേണ്ടതാണ്. അതിനായി ദൈവം നമ്മിൽ നിക്ഷേപിച്ച ഈ അമൂല്യദാനങ്ങളോട് നാം ജീവിതംകൊണ്ട് സഹകരിക്കണം. എങ്കിലേ അവയ്ക്ക് നിലനില്പും വളർച്ചയും ഉണ്ടാകൂ. ദൈവിക പുണ്യങ്ങളിലുള്ള വളർച്ചയ്ക്കായി നാം നിരന്തരം പ്രാർത്ഥിക്കണം. അതോടൊപ്പം ഈ പുണ്യങ്ങളുടെ പ്രായോഗികതയിൽ നാം നമ്മെത്തന്നെ പരിശീലിപ്പിക്കണം. വലുതും ചെറുതുമായ നമ്മുടെ അനുദിനജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ കണ്ണോടുകൂടി കണ്ടുകൊണ്ട്, ഓരോ അനുഭവങ്ങളുടെയും പിന്നിലുള്ള ദൈവത്തിന്റെ അനന്ത നന്മയിലും സർവ്വശക്തിയിലും വിശ്വസിച്ചുകൊണ്ട് അവയെ ഭാവാത്മകമായ രീതിയിൽ നേരിടുവാൻ പരിശ്രമിക്കുന്നതാണ് ഈ പരിശീലനം.





# "ആത്മാവിന്റെ കൈപ്പടകൾ"

## (Hands moved by the Holy Spirit)

• ഫാ. ജേക്കബ് കോയിപ്പള്ളി

സീനായ് മല ക്രിസ്തീയ ചരിത്രത്തിലെ പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളിൽ ഒന്നാണ്. സീനായ് മലയിൽവച്ചാണ് ദൈവം ഉടമ്പടി പ്രമാണങ്ങൾ മോശയ്ക്ക് നല്കിയത് (ഉല്പ 31:18). ദൈവം തന്റെ വിരലുകൾകൊണ്ട് എഴുതിയ ഈ പ്രമാണങ്ങൾ മോശയ്ക്ക് ലഭിച്ചതുമുതൽ താഴേയ്ക്കിറങ്ങി വരുന്നതും വീണ്ടും മലയിലേക്ക് കയറിപ്പോകുന്നതുംവരെയുണ്ടാകുന്ന നാടകീയ സംഭവങ്ങൾ നമ്മെ ചിന്തിപ്പിക്കേണ്ടതും ചില മാറ്റങ്ങൾക്കായ് നമ്മെ ഒരുക്കേണ്ടതുമാണ്.

മലമുകളിലേക്ക് കയറിപ്പോയ മോശയെ കാണാതിരിക്കുന്ന ജനം അക്ഷമരായ് തീരുന്നു. അവരുടെ ക്ഷമയില്ലായ്മ അവരെ എത്തിക്കുന്നത് വിഗ്രഹാരാധനയിലേക്കാണ്. ജനത്തിന്റെ ഈ അക്ഷമ കാണുന്ന ദൈവം മോശയോട് അവൻ കൂട്ടിക്കൊണ്ടുവന്ന ജനത്തിന്റെ ദുഷ്കൃത്യങ്ങൾ വിവരിച്ചു പറഞ്ഞു. തന്റെ കോപാഗ്നി അവരുടെമേൽ ജ്വലിക്കുന്നു എന്ന് പറഞ്ഞപ്പോൾ, മോശ ദൈവത്തിന്റെ പാദങ്ങളിൽ വീണ് കരുണയ്ക്കായി യാചിക്കുന്നു. 32-ാം അദ്ധ്യായം 14-ാം വാക്യം പറയുന്നു കർത്താവ് ശാന്തനായ് തന്റെ ജനത്തിനെതിരെയുള്ള തീരുമാനത്തിൽ നിന്ന് പിന്മാറി.

മനുഷ്യന്റെ വിലാപത്തിനു മുമ്പിൽ തന്റെ തീരുമാനങ്ങളിൽ നിന്ന് പിൻമാറുന്ന ദൈവം. സർവശക്തൻ, അത്യുന്നതൻ, വിധി കർത്താവ്, ഭരണാധിപൻ, എന്ന പേരുകളിലൊക്കെ ദൈവത്തെ സമീപിക്കുമ്പോൾ കരുണ നിറഞ്ഞ ഒരു ദൈവഹൃദയം നാം മറന്നുപോകാറുണ്ട്.

യോനായുടെ പുസ്തകത്തിൽ രാവുംപകലും എന്നെ വിളിച്ചപേക്ഷിക്കുന്ന എന്റെ പാവം ജനത്തോട് ഞാൻ കരുണ കാണിക്കും എന്നു പറയുന്ന ദൈവചിത്രം ദൈവകരുണയുടെ മറ്റൊരു പതിപ്പ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. മനുഷ്യന്റെ ആത്മാർത്ഥമായ വിലാപത്തിന് മുമ്പിൽ ദൈവം അലിവ് കാട്ടുന്നു എന്നുള്ള ഈ തിരിച്ചറിവ് നമ്മുടെ ആധ്യാത്മികയാത്രയിൽ പുതിയ മാനങ്ങൾ പകർന്നുനല്കേണ്ടതാണ്.


തന്റെ വിലാപത്താൽ കർത്താവിനെ ശാന്തനാക്കിയ മോശ, താൻ ആർക്കുവേണ്ടി ദൈവമുമ്പിൽ നിലകൊണ്ടോ,

ആർക്കുവേണ്ടി ദൈവകോപാഗ്നി ശാന്തമാക്കിയോ, അവിടെത്തുമ്പോൾ കുപിതനാകുന്ന, കോപാഗ്നിയിൽ ജ്വലിക്കുന്ന മോശയെ നാം കാണുന്നു (32:20).

ജനത്തിന്റെ അടുത്തെത്തുമ്പോൾ മോശ തന്റെ പിതൃത്വഭാവത്തിൽനിന്ന് അഥവാ നായകഭാവത്തിൽനിന്നാണ് ഈ ധാർമ്മികരോഷാഗ്നി ജ്വലിപ്പിക്കുന്നത്. യഥാർത്ഥ പിതാവും നായകനുമായ ദൈവം ശാന്തനായത് മോശ മറന്നുപോകുന്നു എന്നുള്ളത് മാത്രമല്ല കോപാഗ്നിയിൽ ദൈവം തന്റെ വിരലുകൾ കൊണ്ടെഴുതിയതിനെ തച്ചുടയ്ക്കുകയാണ് മോശ. അറിവില്ലാതെ ജനം അഴിഞ്ഞാടിയതോ അതോ ദൈവത്തോട് നേരിട്ട് സംസാരിച്ചവൻ ദൈവത്തിന്റെ കൈപ്പടകൾ ഛിന്നഭിന്നമാക്കിയതോ ഏതാണ് വലിയ തെറ്റ്? അറിവില്ലായ്മയിൽ മുഴുകിയ ജനവും കോപാഗ്നിയിൽ മുഴുകിയ മോശയും. രണ്ടുകൂട്ടരും അവർ ചെയ്യുന്ന തെറ്റിന്റെ ഗൗരവം ഗ്രഹിക്കുന്നില്ല.

കോപാഗ്നിയിൽ ഇന്നും ദൈവകല്പനകൾ വലിച്ചെറിയുന്നവരാണ് നമ്മൾ. മനഃസാക്ഷിയെ വഞ്ചിക്കുമ്പോൾ, സ്വാർത്ഥതയ്ക്കായ് നിയമങ്ങൾ വളച്ചൊടിക്കുമ്പോൾ, വചനത്തെ ദുർവ്യാഖ്യാനം ചെയ്യുമ്പോൾ... സാഹോദര്യം തകർക്കുമ്പോൾ, ദൈവിക കല്പനകൾ നാം ഉടച്ചുതകർക്കുന്നു. ദൈവം ക്ഷമിച്ചിടത്തും ദൈവം ശാന്തനായിടത്തും നാം കയർക്കുകയും അശാന്തരാവുകയും ചെയ്യുന്നിടത്ത് നേടുന്നതിനേക്കാൾ നാം നഷ്ടപ്പെട്ടവരാകുന്നു.

മോശ വീണ്ടും മലയിലേക്ക് ചെന്നു. ഇത്തവണ അവനാണ് കല്പ്പലകകൾ ചെത്തിയെടുത്തത്. അതിൽ വീണ്ടും ദൈവം തന്നെ എഴുതിത്തരാം എന്ന് വാഗ്ദാനം ചെയ്യുന്നു. എന്നാൽ 34:27 ൽ മോശയെക്കൊണ്ടുതന്നെ ഉടമ്പടി വ്യവസ്ഥകൾ ദൈവം എഴുതിക്കുന്നതായി നാം കാണുന്നു. ഉടമ്പടിയുമായ് മോശ വീണ്ടും താഴേയ്ക്കിറങ്ങി.



ജനം എത്രത്തോളം മാറിയിരുന്നു? എന്നാൽ മോശ മാറിയിരുന്നു: പിന്നീട് അവൻ ദൈവകല്പനകൾ വലിച്ചെറിഞ്ഞിട്ടില്ല. അതിന് ചില കാരണങ്ങൾ ഉണ്ടായിരുന്നു. നാല്പതു രാവും നാല്പതു പകലും അവൻ ദൈവത്തിന്റെകൂടെ ചിലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. ദൈവത്തിന്റെ കൂടെ വസിച്ചപ്പോൾ അവൻ തേജോമയനായി, ശാന്തനായി, സമചിത്തത ഉള്ളവനായി.

വിശ്വാസിക്ക് ലോകത്തിലെ ഏറ്റവും സുന്ദരമായ സ്ഥലം ദൈവസാന്നിധ്യമാണ്. അത് അവനെ ശാന്തനും തേജോമയനും ആക്കിത്തീർക്കുന്നു.

ദൈവം എഴുതിതന്നത് ഉടച്ചുകളഞ്ഞ മനുഷ്യൻ അറിയണം, വീണ്ടും അവൻ പ്രമാണങ്ങൾ എഴുതിതരുമെന്ന്. പുതിയ ഇസ്രായേലിന്റെ പ്രമാണം ഈശോയാണ്. കൽപ്പലകകൾ ചെത്തിയൊരുക്കി വീണ്ടും മലകയറുക എന്നത് ഹൃദയമൊരുക്കി വീണ്ടും അൾത്താരയെ സമീപിക്കുന്നത് തന്നെ. അവിടെ പ്രമാണങ്ങളുടെ പൂർത്തീകരണമായ ഈശോ എഴുന്നെള്ളി വരുമ്പോൾ നാം തേജോമയമായ മുഖത്തോടു കൂടിയുള്ളവരും ശാന്തതയാൽ നിറയപ്പെടുന്നവരും ആയിത്തീരും. വീണ്ടും മോശയ്ക്ക് പ്രമാണങ്ങൾ നൽകുന്ന - ദൈവചിത്രം, അളവറ്റ കരുണയുടെ അടയാളമാണ്. അവന്റെ കരുണയിൽ നീന്തിത്തുടിച്ച്, അല്പംകൂടി തേജോമയരും ശാന്തരുമായിത്തീരാം.

# കൗമാരം പ്രശ്നം നിറഞ്ഞതാണോ?

"T.V. യുടെ മുന്നിലിരുന്നത് മതി. ഇനി പോയി വല്ലതും പഠിക്കാൻ നോക്ക്. അല്ലെങ്കിൽ T.V. ഞാൻ ഓഫ് ചെയ്യും."

"പഠിക്കേണ്ട സമയത്ത് ഞാൻ പഠിച്ചോളാം. എന്നെ അമ്മ ഉപദേശിക്കേണ്ട."

കൗമാരക്കാരിയായ മകളുടെ മറുപടി കേട്ട് അമ്മ പരിഭ്രമിച്ചുപോയി. ഇത്രയും നാളും അമ്മ പറയുന്നതെല്ലാം വേദവാക്യമായിരുന്നു അവൾക്ക്. പക്ഷേ അമ്മ ഇപ്പോൾ എന്തു പറഞ്ഞാലും അമ്മയ്ക്ക് ഒന്നും അറിയില്ലെന്നാണ് അവളുടെ മറുപടി. എപ്പോഴാണ് ഈ മാറ്റം മകളിൽ കാണുവാൻ കഴിഞ്ഞത്? കൗമാരത്തിലേക്ക് കാലെടുത്തു വച്ചതോടെ.

• ലൂസിയാ മേലേടത്ത്

മനുഷ്യജീവിതത്തിലെ വളർച്ചയുടെ വിവിധ ഘട്ടങ്ങളാണ് ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം. കൗമാരത്തെ ഇംഗ്ലീഷിൽ "Teen Age' എന്നാണ് വിശേഷിപ്പിക്കുക. 12 നും 20 നും ഇടയ്ക്കുള്ള ഈ കാലഘട്ടത്തെ മനഃശാസ്ത്രജ്ഞന്മാർ വിശേഷിപ്പിക്കുന്നത് "തൊട്ടാൽ പൊട്ടുന്ന പ്രായം" എന്നാണ്." മനുഷ്യജീവിതത്തിലെ ധന്യവേളയാണിത്. യുവത്വത്തിലേയ്ക്കുള്ള ഒരുക്കത്തിന്റെ സമയമാണിത്. ജീവിതത്തെപ്പറ്റി മധുരസ്വപ്നങ്ങൾ നെയ്തുകൂട്ടുന്ന കാലഘട്ടമാണിത്. ഈ സ്വപ്നങ്ങളാണ് യഥാർത്ഥ ജീവിതം എന്നു കരുതുന്ന സമയവും കൂടിയാണിത്.



ഈ കാലഘട്ടത്തിൽ മാതാവും പിതാവും ആകുവാനുള്ള ശാരീരിക കഴിവുകളും, മാനസിക, സാമൂഹിക, വൈകാരിക മണ്ഡലങ്ങളിൽ മാറ്റവും, ആധ്യാത്മിക, ലൈംഗിക തലങ്ങളിൽ വ്യതിയാനവും കൈവരുന്നു.

ശാരീരികവും മാനസികവുമായ വളർച്ച ത്വരിതഗതിയിലാകുന്ന ഈ സമയത്ത്, മാതാപിതാക്കൾ എന്തിനും ഏതിനും ഒപ്പമുള്ള ബാല്യത്തിന്റെ പിടിവിട്ട് സ്വന്തം കാലിൽ നില്ക്കേണ്ട യൗവനത്തിൽ എത്തുന്നതിനുമുമ്പുള്ള സംഘർഷാവസ്ഥ കുട്ടികളിൽ അനുഭവപ്പെടുന്നു. ബാല്യത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല, യൗവനത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ ആരും അനുവദിക്കുന്നുമില്ല. അതുകൊണ്ടുതന്നെ, തന്നെക്കൊണ്ട് ഒന്നിനും കഴിവില്ല എന്ന ചിന്ത ഒരുതരം അപകർഷതാബോധത്തിലേക്കു കുട്ടികളെ നയിക്കാറുണ്ട്.

മക്കളെ നാട്ടിലാക്കിയിട്ട് ജോലി തേടിപ്പോകുന്ന മാതാപിതാക്കളുടെ മക്കൾക്ക് ഒന്നിനും ഒരു കുറവില്ല. വിലകൂടിയ വസ്ത്രങ്ങൾ,

മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, പോക്കറ്റ് മണി... പക്ഷേ പലപ്പോഴും അവർക്ക് കിട്ടേണ്ട യഥാർത്ഥ സ്നേഹം മാതാപിതാക്കളിൽനിന്നു ലഭിക്കുന്നില്ല. പരിണതഫലമോ? സ്നേഹം തേടിയലയുന്ന കൗമാരക്കാർ ഇന്നിന്റെ ഒരു പ്രത്യേകതയാണ്. ഈ സാഹചര്യത്തിൽ ആരെങ്കിലും അല്പം സ്നേഹം കാണിച്ചാൽ, ഒന്നു ചിരിച്ചുകാണിച്ചാൽ എന്തിനും, ഏതിനും ചെല്ലാം എന്ന അവസ്ഥയിലേക്ക് അധഃപതിക്കുന്നു. എതിർലിംഗക്കാരോട് ആകർഷണം തോന്നുന്ന ഈ പ്രത്യേക കാലഘട്ടത്തിൽ ചിലപ്പോഴൊക്കെ ലൈംഗിക ചൂഷണത്തിനുവരെ കുട്ടികൾ വിധേയരാകാനുള്ള സാധ്യതകളുണ്ട്.

വ്യക്തിപരമായ തെറ്റിദ്ധാരണകൾ മൂലം സന്തോഷമില്ലാത്ത മാനസികാവസ്ഥയിൽ ജീവിക്കുന്ന കൗമാരക്കാരുടെ സംഖ്യ ഏറിവരുകയാണ്. ഏതോ നശിച്ച നിമിഷത്തിലാണ് തന്റെ ജനനമെന്നും തനിക്കു വേണ്ടത്ര സൗന്ദര്യമില്ലെന്നും മാതാപിതാക്കളുടെ കുറ്റം കൊണ്ടാണിത് എന്നുമുള്ള തെറ്റായ ധാരണകൾ ഒരു പരിധിവരെ അവരെ നിയന്ത്രിക്കുന്നു. മറ്റുള്ളവരെ ആകർഷിക്കുന്നതിനായി സൗന്ദര്യസംരക്ഷണത്തിലും വസ്ത്രധാരണത്തിനും അമിതപ്രാധാന്യം കൊടുക്കുന്നു. മുഖത്തിനിണങ്ങുന്ന, ശരീരത്തിനിണങ്ങുന്ന വസ്ത്രം ധരിക്കേണ്ടതിനുപകരം, വസ്ത്രം ധരിക്കുന്നതിന്റെ ഉദ്ദേശ്യത്തിനപ്പുറമായ വസ്ത്രധാരണ രീതികളിലേക്ക് തിരിയുന്ന പതിവ് ഇന്ന് സർവസാധാരണമാണ്. ഫലമോ ആൺകുട്ടികൾ പാന്റിന്റെ പോക്കറ്റുകളുടെ എണ്ണം കൂട്ടുന്നതിനും പെൺകുട്ടികൾ ചുരിദാറിന്റെ ഇറക്കം കുറയ്ക്കുന്നതിനും വേണ്ടി മത്സരിക്കുന്നു.

ആകുലതകളും ആശങ്കകളും കൗമാരക്കാരുടെയിടയിൽ അത്യപൂർവ കാഴ്ചയല്ല. ഇനി എന്ത്? കൂട്ടുകാർക്കൊപ്പമെത്താൻ കഴിയുമോ? ജീവിതത്തിൽ വിജയിക്കുമോ? ഇതുപോലെയുള്ള അനേകം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ അലയുന്നവരാണ് അധികവും. വി.ഗ്രന്ഥത്തിന്റെ ഏടുകളിൽക്കൂടി കടന്നുപോകുമ്പോൾ നമുക്കു കാണുവാൻ കഴിയുന്ന ഒരു കാര്യമുണ്ട്. "നീ എന്തിന് ആകുലപ്പെടുന്നു?" വയലിലെ ലില്ലികളെയും ആകാശത്തിലെ പറവകളേയും പരിപാലിക്കുന്ന സർവശക്തനായ ദൈവത്തിൽ ആശ്രയിക്കാൻ കഴിയണം.

ശ്രദ്ധ പിടിച്ചുപറ്റുവാൻ കൗമാരക്കാരുടെയിടയിലുള്ള ത്വര ശ്രദ്ധേയമാണ്. ക്ലാസ്സിൽ നന്നായി ഷൈൻ ചെയ്യുമ്പോൾ സുഹൃത്തുക്കൾ പറയും 'വീരശൂരപരാക്രമി.' പെൺകുട്ടികൾ മുടി മുറിക്കുമ്പോൾ ആൺകുട്ടികൾ മുടി വളർത്തി പുറകിലോട്ടുകെട്ടി വയ്ക്കുന്നു. പെൺകുട്ടികൾ രണ്ടു കാതിലും കമ്മലിടുമ്പോൾ ആൺകുട്ടികൾ ഒരു കാതിൽ കമ്മൽ ഇടുന്നു. പെൺകുട്ടികൾ ബ്യൂട്ടിപാർലറിൽ സമയം കളയുമ്പോൾ ആൺകുട്ടികൾ മീശ, കൃതാവ്, മുടിചീകൽ തുടങ്ങിയവയ്ക്കുവേണ്ടി സമയം കളയുന്നു... വീട്ടിലും സുഹൃത്തുക്കൾക്കിടയിലും തന്റേതായ ഇടം നേടിയെടുക്കുവാൻ അതീവ ജാഗ്രത ചെലുത്തുന്നവരാണധികവും.


കൗമാരത്തിന്റെ സങ്കീർണതയെ അതിജീവിക്കുവാനായി എന്താണ് ചെയ്യേണ്ടത്? ആത്മവിശ്വാസം വളർത്തിയെടുക്കുകയാണ് ആദ്യമായി വേണ്ടത്. ജീവിതത്തിന്റെ ഉന്നത നിലയിലെത്തിച്ചേർന്നവരെല്ലാം, ഉറച്ച ആത്മവിശ്വാസത്തിന്റെ ഉടമകളായിരുന്നു. 'എന്റെ സാഹചര്യം കൊണ്ടാണ് എനിക്കുയരാൻ സാധിക്കാത്തത്' എന്നു പറയുന്നവർ വിഡ്ഢികളാണ്. ഭാവിയിൽ ആരായിത്തീരണമെന്ന വ്യക്തമായ ലക്ഷ്യബോധം ചെറുപ്പത്തിലേ തന്നെ വളർത്തിയെടുക്കുക. അതിനായി കഠിനാദ്ധ്വാനം ചെയ്യുക. കുരിശില്ലാതെ കിരീടമില്ല. വിയർപ്പില്ലാതെ നേട്ടമില്ല. സത്യം, സ്നേഹം, നീതി തുടങ്ങിയ മൂല്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ മുഖമുദ്രയാക്കുക. വേണ്ടത്, വേണ്ടിടത്ത്, വേണ്ടതുപോലെ ചെയ്യുവാനുള്ള അച്ചടക്കം നേടിയെടുക്കുക. തോന്നുമ്പോൾ തോന്നുന്നത് ചെയ്യുന്ന താന്തോന്നിയാകരുത്. സംസാരത്തിൽ ചന്തയാകരുത്; ചന്തയിൽ ചിന്തയില്ല. തോൽവിയിൽ പതറാതിരിക്കുക. പരാജയത്തിൽനിന്ന് പാഠം പഠിച്ച് വിജയത്തിലേക്ക് കുതിക്കുക. എനിക്കൊന്നിനും കഴിവില്ല എന്നു ചിന്തിക്കാതെ നമ്മുടെ ശക്തിയും കഴിവും അംഗീകരിക്കുക. തത്ത്വചിന്തകനായ റാൽഫ് വാൽഡോ എമേഴ്സിന്റെ അഭിപ്രായത്തിൽ :"The treasures Unexplored are not under the seas or continents, It's in the heart and mind of the human beings." നിരവധി വജ്രങ്ങൾ നിറഞ്ഞ ഖനിയാണു മനു



ഷ്യജീവിതം. ലഭ്യമാകുന്ന ഏതവസരവും പൂർണ മായും ഉപയോഗിക്കുക. നമ്മുടെ ജീവിതത്തിലെ പോരായ്മകളെ, കുറവുകളെ തിരിച്ചറിഞ്ഞില്ലെങ്കിൽ നമ്മൾ മറ്റുള്ളവരുടെ മുമ്പിൽ വിഡ്ഢികളാകും. ജീവിതവിജയത്തിൽനിന്ന് നമ്മെ പുറകോട്ടു വലിക്കുന്നവ എന്തെന്ന് കണ്ടുപിടിക്കുക; തിരിച്ചറിയുക, അതിജീവിക്കുക.

ആരോഗ്യകരമായ സുഹൃദ്ബന്ധം വളർത്തിയെടുക്കുക. എന്തിനും ഏതിനും നമ്മെ പുകഴ്ത്തുന്നവർ യഥാർത്ഥ സുഹൃത്തല്ല. തെറ്റുകളിൽ തിരുത്തുകയും നന്മകളിൽ പ്രോത്സാഹിപ്പിക്കുകയും വേദനയിൽ ആശ്വസിപ്പിക്കുകയും സന്തോഷത്തിൽ പങ്കുചേരുകയും ചെയ്യുന്ന നല്ല സുഹൃദ്ബന്ധം നമ്മുടെ ജീവിതത്തിന് ശക്തി പകരുന്നതാണ്. ജീവിതപ്രശ്നങ്ങളെ, ബുദ്ധിമുട്ടുകളെ, വിശ്വാസമുള്ള ഒരാളുടെ മുമ്പിൽ തുറന്നുവയ്ക്കുക. അത് കൗൺസിലർ ആകാം, അധ്യാപകരാകാം, ആത്മീയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരാകാം, മാതാപിതാക്കളാകാം.

മനസ്സു നിറയെ ചപ്പുചവറുകൾ നിറച്ചുവച്ചിരുന്നാൽ നന്മ എന്തെന്ന് അറിയാൻ കഴിയുകയില്ല. പുതുതായി ഒന്നും ഉൾക്കൊള്ളാൻ മനസ്സിനു കഴിഞ്ഞു എന്നു വരില്ല. ആവശ്യമില്ലാത്തത് 'ഡിലീറ്റ്' ചെയ്ത് മനസ്സിന്റെ ഡിസ്കിൽ സ്പെയ്സ് ഉണ്ടാക്കിയിടണം. എങ്കിലേ പുതിയ അറിവുകളും അനുഭവങ്ങളും സ്റ്റോർ ചെയ്യാനുള്ള അവസരം ലഭിക്കൂ. പുതിയ ആശയം ഉൾക്കൊള്ളാനുള്ള ഇടം എപ്പോഴും മനസ്സിലുണ്ടാകണം. സഭാപ്രസംഗകന്റെ പുസ്തകം 11:9-10 വാകൃങ്ങളിൽ പറയുന്നുണ്ട് :"കൗമാരത്തിൽ നീ സന്തോഷിക്കുക. യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ."



# എന്താണ് നല്കുവാനുള്ളത്?

• ജകീന്താ പിതാവിന്റെ സ്നേഹവചസ്സുകൾ

എന്താണ് നിന്റെ സഹോദരന് നല്കുവാനുള്ളത്?
**ഒരു അപ്പക്കഷണമോ?**
എങ്കിലും അവന്റെ വിശപ്പു മാറുന്നില്ലെങ്കിലോ?
നിന്റെ സഹോദരന് നീ എന്ത് കൊടുക്കും?
**തണുപ്പകറ്റാനുള്ള ഒരു കമ്പിളിയോ?**
എങ്കിലും അവന്റെ തണുപ്പ് അകലുന്നില്ലെങ്കിലോ?
നിന്റെ സഹോദരന് നീ എന്ത് കൊടുക്കും?
**ആശംസയോടുകൂടിയ ഒരു അഭിവാദനമോ?**
എങ്കിലും അവന്റെ നിരാശ മാറുന്നില്ല.
**അവനാവശ്യം നിന്റെ സ്നേഹമാണ്.**
**അവന് കുറവുള്ളത് സമാധാനമാണ്.**
**ദൈവത്തിന്റെ ശൂന്യത അവനനുഭവപ്പെടുന്നു**
അത് നല്കാൻ നിനക്കാവില്ലേ?....
പറയൂ, എന്താണ് നിന്റെ സഹോദരന് നല്കുവാനുള്ളത്?

# രക്തസാക്ഷികൾ നമ്മൾ.....

## വി. ജോൺ ഹഫ്റ്റൻ

• ജിജി പുല്ലത്തിൽ

ആത്മാവിനാൽ നിറഞ്ഞ് സഭയുടെ സുവിശേഷപ്രഘോഷണത്തിൽ പങ്കാളിയായി എന്റെ ജീവിതത്തിലൂടെ ഈശോയ്ക്കു സാക്ഷ്യം നൽകേണ്ട ശ്ലീഹാക്കാലം...

രക്തസാക്ഷികളുടെ ചുടുനിണത്താൽ വളർന്ന സഭ... മുറിക്കുന്തോറും സഭാതരു തഴച്ചാർത്തു വളരുകയാണ്... നാവു പിഴുതു മാറ്റിയപ്പോഴും ദൈവനാമം ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയാണ്. അനുദിനം മാനസിക ശാരീരിക പീഡനങ്ങളിലൂടെ കടന്നുപോകുന്ന ആധുനിക ക്രൈസ്തവ സഭയ്ക്ക് കരുത്തേകാൻ ആദിമക്രൈസ്തവസഭയുടെ രക്തസാക്ഷിത്വ ചരിത്രമുണ്ട്.

തടവറയിൽ കിടന്നപ്പോഴും കഴുത്തു ഞെരിച്ചു കൊന്നപ്പോഴും ക്രൂരമൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തപ്പോഴും അവർ വിശ്വാസം ഉപേക്ഷിച്ചില്ല... അഗ്നിയുടെ നടുവിൽ നിന്നവർ ദൈവസ്തുതികൾ പാടി... മൂന്നാണികളിൽ തൂങ്ങി, ലോകത്തിന്റെ മുഴുവൻ മുറിവുകൾ ഏറ്റുവാങ്ങിയവന്റെ അനുയായികൾ മുറിവുകളിൽ തളരില്ല...



ശരീരം തുണ്ടം തുണ്ടമായി മുറിച്ചപ്പോഴും വിശ്വാസം ഏറ്റുപറഞ്ഞ ധീരരക്തസാക്ഷിയായിരുന്നു വി. ജോൺ ഹഫ്റ്റൻ.

1487 ൽ എസെക്സിൽ ജനിച്ച ജോൺ ഹഫ്റ്റൻ കേംബ്രിഡ്ജിൽനിന്നും സിവിൽ കാനൻ നിയമങ്ങളിൽ ബിരുദം നേടി. 1501 ൽ വൈദികനായ അദ്ദേഹം നാലുവർഷം ഇടവകയിൽ ജോലിചെയ്തശേഷം കാർത്തുസിയൻ സഭയിൽ ചേർന്ന് സന്ന്യാസവ്രതമെടുത്തു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം ആധുനിക ക്രൈസ്തവ സഭയ്ക്ക് ഓജസ്സും തേജസ്സും കരുത്തും പ്രദാനം ചെയ്യും.

രക്തസാക്ഷിത്വകിരീടംചൂടി നിത്യസൗഭാഗ്യം അനുഭവിക്കുന്ന അദ്ദേഹത്തിന്റെ രകസാക്ഷിത്വചരിത്രം അദ്ദേഹത്തിന്റെ വാക്കുകളിലൂടെ നമുക്കു ശ്രവിക്കാം.

"തടവറക്കുള്ളിലായിരുന്നു ഞങ്ങൾ. ശ്വാസംപോലും വിടാൻ സാധിക്കാത്ത 'ലണ്ടൻ ടവറിലെ' ജീവിതം പറഞ്ഞറിയിക്കാൻ പറ്റാത്ത വേദനകളുടെ കൂടാരമായിരുന്നു. പട്ടാളക്കാരുടെ അതിക്രൂരമായ മർദനം മൂലം പലരും മരിച്ചുവീണു. ഭക്ഷണവും മലമൂത്രവിസർജ്ജനവും ഒരു മുറിക്കുള്ളിൽ... ഞങ്ങളുടെ നെഞ്ചത്ത് ബൂട്ടിട്ട് ചവിട്ടുന്നത് പട്ടാളക്കാരുടെ പ്രധാന വിനോദങ്ങളിലൊന്നായിരുന്നു. എല്ലുകൾ ഞെരിഞ്ഞൊടിയുന്ന വേദന സഹിക്കുമ്പോഴും കൺമുമ്പിൽ കണ്ടത് കാൽവരിയിൽ മുന്നാണികളിൽ പിടയുന്ന ദിവ്യരക്തസാക്ഷിയുടെ ചിത്രമായിരുന്നു. പീലാത്തോസിന്റെ മുമ്പിൽ നിശബ്ദനായി നിന്നവനാണ് കോടതിമുറിയിൽ നിശബ്ദനായി നിൽക്കാൻ എനിക്കു കരുത്തേകിയത്.

എന്തായിരുന്നെന്നോ എന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം... 1533 ൽ ആദ്യഭാര്യ കാതറിനെ ഉപേക്ഷിച്ച് ആറുപേരെ വിവാഹം ചെയ്ത ഹെൻട്രി രാജാവിന്റെ നടപടികളെ നിശിതമായി ഞാൻ എതിർത്തു. ഭാര്യമാരിൽ രണ്ടുപേരെ വധിച്ച രാജാവ് സഭയുടെ പരമാധികാരിയായി പ്രഖ്യാപിച്ചുകൊണ്ട് 1534 ൽ പാർലമെന്റ് നിയമം പാസ്സാക്കി. രാജാവിനു പുതിയ ഭാര്യയിലുണ്ടാകുന്ന മക്കളെ കിരീടാവകാശികളായി അംഗീകരിച്ചുകൊള്ളാമെന്ന്. 16 വയസ്സിനുമേൽ പ്രായമുള്ളവരെല്ലാം പ്രതിജ്ഞ ചെയ്യണമെന്ന കല്പന എനിക്ക് അംഗീകരിക്കാൻ സാധിച്ചില്ല. രാജപ്രീതിയെക്കാൾ ഞാനിഷ്ടപ്പെട്ടത് ദൈവപ്രീതിയായിരുന്നു. ജീവശ്വാസം എന്നിലേക്ക് നിശ്വസിച്ച എന്റെ ദൈവത്തെ തള്ളിപ്പറയാത്തതുകൊണ്ട് രാജാവ് രോഷാകുലനായി. കലിപൂണ്ട രാജാവ് എന്റെ ശരീരം കഷണം കഷണമായി മുറിച്ചു! വെട്ടിനുറുക്കപ്പെട്ട എന്റെയും കൂട്ടുകാരുടെയും ശരീരഭാഗങ്ങൾ ലണ്ടനിലെ പല ഭാഗങ്ങളിലും പ്രദർശിപ്പിച്ചു!!!

രാജാവ് നഷ്ടപ്പെടുത്തിയത് എന്റെ നശ്വരജീവനായിരുന്നെങ്കിൽ ദൈവം എനിക്ക് നൽകിയത് നിത്യജീവനായിരുന്നു.

ജീവശ്വാസം നൽകിയ ദൈവത്തോട് അവസാനശ്വാസം വരെ വിശ്വസ്തത പുലർത്തിയ ജോൺ ഹഫ്റ്റനേയും അദ്ദേഹത്തെപ്പോലെ രക്തസാക്ഷിത്വം വരിച്ച റോബർട്ട് ലോറൻസിനെയും, അഗസ്റ്റിൻ വെസ്റ്ററേയും റിച്ചാർഡിനെയും 1970 ൽ പോൾ ആറാമൻ പാപ്പാ വിശുദ്ധ പദവിയിലേക്കുയർത്തി.

വിശുദ്ധരുടെ മാതൃക നമുക്കും സ്വന്തമാക്കാം.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവത്തിനെതിരായുള്ള നിയമപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുകയാണ്...

പ്രശ്നങ്ങൾ അതിരൂക്ഷമാകുന്നു.... 'മുറിവുകൾ' ഒന്നിനു പിന്നാലെ ഒന്നൊന്നായി അണിയറയിൽ തയ്യാറായിക്കൊണ്ടിരിക്കയാണ്. തടവറയും പീഡനവും നമ്മെ കാത്തിരിക്കുന്നു...

പീഡനങ്ങൾക്കു നടുവിൽ രക്തസാക്ഷികളെപ്പോലെ വീരോചിത വിശ്വാസം ജീവിക്കാൻ നമുക്കാവുമോ...

കാൽവരിയിലെ ദിവ്യരക്തസാക്ഷിയോട് കരുത്തിനായി നമുക്കു പ്രാർത്ഥിക്കാം. നമ്മെത്തന്നെ സമർപ്പിക്കാം. പ്രതിജ്ഞയെടുക്കാം.

"ശ്ലീഹന്മാരുടെ മിശിഹാനുഭവവും രക്തസാക്ഷികളുടെ വിശ്വാസ തീക്ഷ്ണതയും സ്വായത്തമാക്കി സഭയിൽ ഞാൻ അവിടുത്തേക്കു ശുശ്രൂഷ ചെയ്യും. എന്റെ ജീവിതം മുഴുവനായി സഭയുടെ വളർച്ചയ്ക്കായി സമർപ്പിക്കുന്നു."

**"ശ്ലീഹന്മാരുടെ മിശിഹാനുഭവവും രക്തസാക്ഷികളുടെ വിശ്വാസ തീക്ഷ്ണതയും സ്വായത്തമാക്കി സഭയിൽ ഞാൻ അവിടുത്തേക്കു ശുശ്രൂഷ ചെയ്യും. എന്റെ ജീവിതം മുഴുവനായി സഭയുടെ വളർച്ചയ്ക്കായി സമർപ്പിക്കുന്നു."**

# വിജയമരുളും വിശ്വാസം

• അനിത

തിരുസുതനരുളും സത്യമിതറിയാൻ
മനസ്സുള്ളവരേ കാതോർപ്പിൻ
സത്യം നീതി ജ്ഞാനവുമേകും
സത്യാത്മാവീ പ്രിയസുതരിൽ

ആശനശിക്കാതുത്തമ ചിന്തകൾ
അകമേ ചൊരിയും ഹിതമതുപോൽ
അവകേട്ടൂഴിയിൽ ജീവിച്ചവരാം
ശിഷ്യഗണത്തിൻ മാർഗമിതാ

ദൈവാത്മാവിന്നാവാസത്താൽ
പൂരിതരായി ശ്ലീഹന്മാർ
തിരുവുത്ഥാനത്തിൻ സന്ദേശം
പാരിടമെല്ലാമറിയിച്ച്

വിശ്വാസത്തിലുറപ്പുവരിച്ചവർ
അത്യുന്നതനുടെ സാക്ഷികളായ്
ദൈവികദാനമൊഴുക്കും സഭയെ
സദയമുയർത്തി ലോകത്തിൽ


ബാലാരിഷ്ടതയെല്ലാം നീക്കി
ഫലമേകുകയായ് തിരുനാഥൻ
നാഥൻ നൽകിയ നന്മ നുകർന്നത്
പകരാം പരിമിതിയില്ലാതെ

പ്രത്യാശയ്ക്കും സ്നേഹത്തിന്നും
മൂല്യം പകരും വിശ്വാസം
പ്രോജ്ജ്വലമാക്കാം കൈത്തിരിയാക്കാം
കാരുണ്യത്തിൻ കരമേകാം

വിശ്വാസത്തിൻ ദീപ്തി പരത്തി
രക്ഷയുമുയിരും നേടിടാം
പാപത്തിൻ കൂരിരുൾ നീക്കീടാം
ധീരതയോടെ ചരിച്ചീടാം

പാപച്ചങ്ങല പൊട്ടിച്ചെറിയാം
ബന്ധിതരാകാം സ്നേഹത്തിൻ
നീതിവിളങ്ങും നിർമ്മലസ്നേഹം
നിത്യമഹത്ത്വ നിദാനവുമേ


നിരുപമ സ്നേഹതിരുവചനങ്ങൾ
നിത്യം കാത്തു ചരിച്ചീടാം.



കുടുംബ വേദി.....

# താളം തെറ്റിയ കുടുംബബന്ധങ്ങൾ

• മിസിസ്സ് ഗ്രേയ്സ് ലാൽ ചോതിരക്കുന്നേൽ



ഇന്ന് കുടുംബവും കുടുംബബന്ധങ്ങളും ഒത്തിരിയേറെ മാറ്റങ്ങൾക്കു വിധേയമായിരിക്കുന്നു. അതുകൊണ്ടുതന്നെ കുടുംബം വളരെയേറെ ശ്രദ്ധിക്കപ്പെടാനും തുടങ്ങി. ഒരു കാലത്ത് കുടുംബപാരമ്പര്യങ്ങളുടെ ഒരു തുടർച്ചയായിരുന്നു. നല്ല പാരമ്പര്യങ്ങളുള്ള കുടുംബങ്ങൾ ഏതൊരു നാടിന്റെയും നന്മയ്ക്കും പുരോഗതിക്കും കാരണമായി ഭവിച്ചിരുന്നു. എങ്കിൽ ഇന്ന് പാരമ്പര്യങ്ങൾക്ക് ഒരു പ്രസക്തിയുമില്ല എന്ന നിലയാണ് കണ്ടുവരുന്നത്.

വിദ്യാഭ്യാസത്തിന്റെ കുറവോ സമ്പത്തിന്റെ കുറവോ അല്ല ഇന്നത്തെ ഈ പ്രതിസന്ധിക്കു കാരണം. മാതാപിതാക്കളും മക്കളും തമ്മിലും സഹോദരനും സഹോദരി തമ്മിലും ചേർച്ചയില്ലാത്ത അവസ്ഥ-അതേ-കുടുംബത്തിനു ഭ്രാന്തു പിടിച്ചിരിക്കുന്നു. ഒരു ഭ്രാന്തനു ബുദ്ധിയുടെ തലത്തിലോ സ്വാഭാവികമായോ ചിന്തിക്കാൻ കഴിവില്ലാത്തതുപോലെ, മാനസികമായ വൈകല്യങ്ങൾ കുടുംബത്തെയും മനുഷ്യനെയും കീഴടക്കിയിരിക്കുന്നു.

സ്നേഹിക്കുവാനുള്ള മനുഷ്യന്റെ കഴിവു കുറഞ്ഞുവരുന്നു. വൈറ്റമിൻ എ. യുടെ കുറവു കൊണ്ട് കാഴ്ചശക്തി കുറയും എന്നതുപോലെ വൈകാരികതലത്തിലുള്ള ന്യൂനത കൂടിയിരിക്കുന്നു. ബുദ്ധിയുടെ ശക്തി കൂടുകയും ചെയ്തിരിക്കുന്നു. ഈ ബുദ്ധി കൂടിയതോടെ മണ്ടത്തരങ്ങളും കൂടിവരികയാണ്. ഹൃദയത്തിന്റെ ഭാഷയാണ് കുടുംബത്തിന്റെ ഭാഷ. അത് ആർക്കും മനസ്സിലാവുന്നില്ല. ഹൃദയത്തിൽ നിന്നും പൊട്ടിയൊഴുകുന്ന സ്നേഹം കുടുംബങ്ങളിൽ നിറയുമ്പോൾ സ്വാർത്ഥതയും മത്സരബുദ്ധിയും കുടുംബങ്ങളിലില്ലാതാവും. അതിനു വേണ്ടത് വ്യവസ്ഥകളില്ലാത്ത, സമ്മാനം തിരിച്ചുപ്രതീക്ഷിക്കാത്ത സ്നേഹം. അതേ-ഈശോയുടെ സ്നേഹം -നമ്മിലുണ്ടാകണം. കുടുംബജീവിതം ഒരു ആത്മബലിയാണ്. നമ്മുടെ സ്വാർത്ഥത എറിഞ്ഞുടയ്ക്കാൻ പാകത്തിൽ ഒരു ബലിക്കല്ല് കുടുംബങ്ങളിലുണ്ടാകേണ്ടിയിരിക്കുന്നു. യുക്തിബോധം കുടുംബത്തിന്റെ ഭാഷയല്ല.

ഇന്നു തഴയപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം കൂടിവരികയാണ്. പണ്ടൊക്കെ മക്കൾ ഭയത്തോടെയും ബഹുമാനത്തോടെയും മാതാപിതാക്കളെ സ്നേഹിച്ചിരുന്നു. എങ്കിൽ ഇന്നത്തെ മാതാപിതാക്കൾക്ക് മക്കളെ ഭയമാണ്. ഇന്നു ഭരണം മക്കളുടെ കയ്യിലാണ്. ഡ്രൈവർ

സീറ്റിൽ വേറെയാരൊക്കെയോ കയറിയിരിക്കുന്നതുകൊണ്ട് അപകടങ്ങൾ കൂടുന്നു. മാതാപിതാക്കൾക്കു നട്ടെല്ല് എന്നൊന്നില്ല. കരുത്തിന്റെ പ്രതീകങ്ങളാവണം മാതാപിതാക്കൾ. തെറ്റ്, ശരി എന്നത് നമ്മൾ പകർന്നുകൊടുക്കണം. തെറ്റുകൾ മക്കളെ ബോധ്യപ്പെടുത്തിക്കൊടുക്കണം. മക്കൾക്കു ശാരീരികവും ധാർമ്മികവും ആത്മീകവുമായ ജീവൻ കൊടുക്കേണ്ട മാതാപിതാക്കൾ അധർമ്മത്തിന്റെ മൂർത്തിമദ്ഭാവങ്ങളായതാണ് ഇന്നത്തെ നാശത്തിനു മുഴുവൻ കാരണം.

ലോകത്തിൽ ഏറ്റം കൂടുതൽ അഴിമതിയുള്ള രാജ്യം നമ്മുടേതാണ്. അതായത് ലോകത്തിനു മുഴുവൻ ശാന്തിയും സംസ്കാരവും ആത്മീയതയും കൊടുക്കാൻ പാകമുള്ള നമ്മുടെ ഭാരതസംസ്കാരം കുറ്റവാസനയും നശീകരണപ്രവണതയും ഉള്ളവരുടെ നാടായിമാറുന്ന ശോചനീയമായ കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. കാരണം നമ്മുടെ മക്കളെ വളർത്തുന്നതിൽ വന്ന അപാകത തന്നെ നീ ക്ലാസ്സിൽ കയറേണ്ട, പള്ളിയിൽ പോകേണ്ട, മെഡിക്കൽ എൻജിനീയറിംഗ് കോച്ചിംഗ് ക്ലാസ്സിനു പോയാൽ മതി എന്നു പറഞ്ഞുകൊടുക്കുന്നു. മക്കളെ തിരുത്തുക, നമ്മുടെ ജോലിയാണ്. അധർമ്മം കണ്ടിട്ട് കണ്ണടച്ചാൽ നാം കൂട്ടുപ്രതികളാവുമെന്നോർക്കുക.

ഒരിക്കലും പങ്കാളിയെയോ മക്കളെയോ പരസ്യമായി വിമർശിക്കരുത്. തിരുത്തലുകളും ഉപദേശങ്ങളും വിമർശനങ്ങളും ചീത്തവിളിയും ഒഴിവാക്കുക. നല്ല വാക്കുപറയുമ്പോൾ അത് നാലാൾ കേൾക്കെപ്പറയാൻ ശ്രമിക്കുക. നമ്മുടെ മക്കൾക്കു സ്നേഹം കൊടുത്തതിന്റെ കണക്ക് കൃത്യമായി നാം എഴുതുന്നു. പക്ഷേ മക്കൾ അത് വരവു വയ്ക്കുന്നില്ല. അതുകൊണ്ടുതന്നെ കണക്കു ടാലിയാകുന്നില്ല. സ്നേഹം കൊടുക്കാനുള്ളതാണ്. മക്കളുടെ മനസ്സിൽ




മാതാപിതാക്കൾ പ്രതിഷ്ഠിക്കപ്പെടണം. അതിനു ക്ഷമയും സഹനവും കൂടിയേ കഴിയൂ. നമ്മുടെ ഈഗോ (ഞാൻ എന്ന ഭാവം) ഇല്ലാതായാൽ അപരനു പ്രാധാന്യം കൊടുക്കാൻ സാധിക്കും.

വിവാഹം ഒരു അനുദിന കൂദാശയാണ്. അപ്പന്റെയും അമ്മയുടെയും സമർപ്പണം നിറഞ്ഞ കൂദാശാ ജീവിതം മക്കൾക്കു മാതൃകയാവേണ്ടിയിരിക്കുന്നു. അതിനുപകരം അച്ഛന്റെയും അമ്മയുടെയും ചീത്തവിളി മക്കൾ റിക്കോർഡു ചെയ്തുവച്ചിരിക്കുന്നു. നമ്മുടെ കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന സ്നേഹത്തിന്റെ വരൾച്ച മാറ്റി, പക്ഷപാതവും അനീതിയുമില്ലാത്ത ബന്ധങ്ങൾ വളരുന്ന കുടുംബങ്ങളാവാൻ ഈ അവസരത്തിൽ നമുക്കു ശ്രമിക്കാം. ഞാൻ ഈ പ്രപഞ്ചത്തിന്റെ ഒരു കഷണമല്ല, മറിച്ച് ഈ പ്രപഞ്ചം മുഴുവൻ എന്നിലുണ്ട് എന്നു ചിന്തിക്കാൻ ശ്രമിക്കാം. ഈ പ്രപഞ്ചത്തിൽ ദൈവം സംവിധാനം ചെയ്തിരിക്കുന്ന ഒരു ക്രമം ഉണ്ട്. അതുകണ്ട് പഠിച്ച് ധ്യാനിച്ച്, ജീവിതത്തിൽ പകർത്തി ജീവിക്കാൻ പ്രാപ്തരാവാം.

**വിവാഹം ഒരു അനുദിന കൂദാശയാണ്. അപ്പന്റെയും അമ്മയുടെയും സമർപ്പണം നിറഞ്ഞ കൂദാശാ ജീവിതം മക്കൾക്കു മാതൃകയാവേണ്ടിയിരിക്കുന്നു.**

# വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവസാക്ഷ്യം

• കെ.പി. വർഗീസ് കയ്യാലപ്പറമ്പിൽ




## വിദ്യാഭ്യാസത്തെക്കുറി ച്ചുള്ള പൊതുദർശനം

മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ കഴിവുകളെ വളർത്തുകയും പുരോഗമിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം പുറമേ അടിച്ചേൽപ്പിക്കുന്ന ഒന്നല്ല; അത് വ്യക്തിയുടെ നൈസർഗികമായ കഴിവുകളെയും അന്തർലീനമായ സിദ്ധികളെയും പ്രകാശമാനമാക്കുന്ന ശ്രേഷ്ഠപ്രക്രിയയാണ്. അതായത് സത്സ്വഭാവങ്ങൾ, വാസനകൾ, അഭിരുചികൾ, വൈദഗ്ധ്യങ്ങൾ എന്നിവയെ വികസിപ്പിച്ച് പൂർണവും പ്രയോജനപ്രദവുമായ ഒരു ജീവിതം നയിക്കാൻ വ്യക്തിയെ സഹായിക്കുന്നതായിരിക്കണം ശരിയായ വിദ്യാഭ്യാസം. ഡോ. എസ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ ബുദ്ധിക്ക് പരിശീലനവും ഹൃദയത്തിനു പരിഷ്കാരവും ആത്മാവിന് അച്ചടക്കവും നല്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം. വ്യക്തിയെ ഭൗതികവും സാമൂഹികവും ആത്മീയവുമായ സാഹചര്യങ്ങളോട് സമ്യക്കായി ഇണങ്ങിച്ചേരാൻ സഹായിക്കുന്ന ഒരാജീവനാന്തപ്രക്രിയയായി വിദ്യാഭ്യാസത്തെ കാണാൻ നമുക്കു സാധിക്കണം.

## വിദ്യാഭ്യാസത്തിലൂടെ മൂല്യബോധം

ശാസ്ത്രീയവിജ്ഞാനത്തിന്റെ ആദാനപ്രദാനങ്ങളോടൊപ്പം സാമൂഹികമായ ഉത്തരവാദിത്വബോധവും ആത്മീയ മൂല്യങ്ങളുടെ സമ്മേളനവും കൈമാറ്റലും വിദ്യാഭ്യാസ പ്രക്രിയയിൽ ഉടനീളം പ്രാവർത്തികമാകേണ്ടിയിരിക്കുന്നു. മതവും ആധ്യാത്മികതയും കൈകോർത്തു നില്ക്കുന്ന വിദ്യാഭ്യാസരീതിയിൽ മൂല്യങ്ങളുടെ പ്രചരണം സ്വാഭാവികമായിത്തന്നെ ഉണ്ടാവും. ഭൗതികത, വർഗീയത, ജാതിചിന്ത, സങ്കുചിതവീക്ഷണം, വിഭാഗീയത ഇവയെല്ലാം മൂല്യങ്ങളെ പുറന്തള്ളാൻ സാഹചര്യമൊരുക്കും. ദൈവത്തോടും മതത്തോടും ആത്മാവിനോടുമുള്ള ഭക്തിയും അർപ്പണബോധവും ചേർന്ന ആത്മീയത ആധുനിക വിദ്യാഭ്യാസരീതിയിലും അത്യന്താപേക്ഷിതം തന്നെ. നമ്മുടെ വിദ്യാഭ്യാസപദ്ധതിയുടെ ഏറ്റം വലിയ ന്യൂനത, അത് സാമൂഹിക ആധ്യാത്മിക മൂല്യങ്ങളിൽ അടിത്തറ ഉറപ്പിച്ചിട്ടുള്ളതല്ല എന്നതാണ്. വിദ്യാഭ്യാസത്തിലൂടെ മൂല്യബോധം പകരാൻ നമുക്കു സാധിച്ചില്ലെങ്കിൽ സംസ്കാര സമ്പന്നമായ ഒരു പുത്തൻ തലമുറയെ പ്രതീക്ഷിക്കുന്നതിൽ വലിയ അർത്ഥമില്ല.


## വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവ സംഭാവന



പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ എന്ന ആശയത്തിന് കേരളത്തിൽ വളരെ പ്രചാരമുണ്ടായി. ദൈവാലയങ്ങളോട് ചേർന്ന് വിദ്യാലയങ്ങൾ. അവിടെ അക്ഷരം, വേദപാഠം, സന്മാർഗബോധനം, ജീവിതരീതികൾ, ജീവിതമര്യാദ തുടങ്ങിയവ അധ്യയനവിഷയങ്ങളായി. ഗുരുമുഖത്തുനിന്നു തന്നെ പകർന്നുകിട്ടിയ ഈ മണിമുത്തുകൾ കേരളീയരുടെ സാംസ്കാരിക പുരോഗതിയെ എത്രയധികമാണ് സ്വാധീനിച്ചത്. ജാതി-മത, വർഗ-വർണ വ്യത്യാസങ്ങൾക്ക് അതീതമായി കുട്ടികൾക്ക് പ്രവേശനം നല്കി നമ്മുടെ പള്ളിക്കൂടങ്ങൾ മാതൃകയായി. സർക്കാർവക പള്ളിക്കൂടങ്ങളിൽപോലും അവർണർക്കു പ്രവേശനം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ ക്രൈസ്തവവിദ്യാലയങ്ങൾ അവരെയും സ്വാഗതംചെയ്തു. നമ്മുടെ നാട് കൈവരിച്ച വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക പുരോഗതിയിൽ ക്രൈസ്തവവിദ്യാലയങ്ങളുടെ പങ്ക് അഭിമാനകരവും അഭിനന്ദനീയവുമാണ് എന്ന വസ്തുത ആരും മറന്നുകൂടാ.

## വിദ്യാഭ്യാസത്തിൽ ക്രൈസ്തവധർമ്മം

ക്രൈസ്തവമൂല്യങ്ങളുടെ പഠനക്കളരിയും സുവിശേഷപ്രഘോഷണത്തിന്റെ ശ്രേഷ്ഠവേദിയുമായിരിക്കണം നമ്മുടെ വിദ്യാലയങ്ങൾ. കാലോചിതമായ വിദ്യാഭ്യാസം, ആധ്യാത്മിക പ്രബോധനം, ധാർമ്മികശിക്ഷണം, കത്തോലിക്കാ ആദർശപ്രചാരണം, മൂല്യങ്ങളിൽ അടിത്തറയിട്ട അധ്യയനരീതികൾ തുടങ്ങിയവ പ്രാവർത്തികമാക്കുന്ന മാതൃകാസ്ഥാപനങ്ങളായിത്തീരുക എന്ന ദൗത്യമാണ് നമ്മുടെ വിദ്യാലയങ്ങൾക്കുള്ളത്. അവിടുത്തെ അദ്ധ്യാപക അനധ്യാപകരാകട്ടെ കുട്ടികൾക്കും സമൂഹത്തിനും മാതൃകകളും പ്രചോദനങ്ങളും. ഈശോയുടെ പ്രബോധനങ്ങളിലെ ആവേശമുൾക്കൊണ്ട്, സമൂഹനന്മ, സാർവത്രിക സാഹോദര്യം എന്നീ ആഗ്രഹങ്ങളോടെ, ഭാവിയുടെ വിധിയാളന്മാരാകുന്ന വലിയ വിളി ഏറ്റെടുക്കുന്നവരാണ് യഥാർത്ഥ വിദ്യാഭ്യാസ പ്രവർത്തകർ. കത്തോലിക്കാ ആദർശങ്ങളെ മുറുകെപ്പിടിച്ച് വിദ്യാലയം നടത്തിക്കൊണ്ടുപോകുക ഇന്ന് ദുഷ്കരമാണ്. വെല്ലുവിളികളെ സധൈര്യം നേരിടുക, പ്രശ്നങ്ങളെ സുധീരം അഭിമുഖീകരിക്കുക നമ്മുടെ ദൗത്യമാണ്. വിവേകപൂർണമായ ഉൾക്കാഴ്ച നേടുക; ശ്രേഷ്ഠമായ വിദ്യാഭ്യാസവീക്ഷണം എന്തെന്നു തിരിച്ചറിയുക, നമ്മുടെ കടമയാണ്. മറ്റു മതവിഭാഗങ്ങളിൽനിന്നുണ്ടാകുന്ന ഭീഷണി കണ്ടില്ലെന്നു നടിക്കാൻ നമുക്കാവില്ല. പല പ്രസ്ഥാനങ്ങളുടെയും അപ്രീതിയും അതൃപ്തിയും നമുക്ക് മാർഗതടസ്സമാകരുത്. വർധിച്ചുവരുന്ന മതനിഷേധവും നിരീശ്വരവാദവും വളരുന്ന തലമുറയെ തകർക്കാൻ നാം അനുവദിച്ചുകൂടാ.



യഥാർത്ഥമായ ക്രൈസ്തവ സാക്ഷ്യം നല്കാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാൻ നമുക്കു സാധിക്കില്ല. വിദ്യാലയങ്ങളുടെ സാമൂഹികമായ പ്രതിബദ്ധതയിൽ നമുക്കും പങ്കാളികളാകാം. വിശുദ്ധിയുടെ മാർഗത്തിലൂടെ വരുംതലമുറയെ നയിക്കാനുള്ള ദൈവികപദ്ധതിയുടെ ആസൂത്രണം നമ്മിലൂടെ പ്രാവർത്തികമാകട്ടെ.

കഥ

# ആദ്യജാത - അജ്ഞാത



• ജാൻസിമോൾ അഗസ്റ്റിൻ കറുകപ്പറമ്പിൽ

സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് കുട്ടികൾ പഠിക്കാനിരുന്നു. അത്താഴം വിളമ്പുന്നതിനുമുമ്പ് കാളകൾക്കും പശുവിനും കുറച്ചു കച്ചിയുംകൂടി വലിച്ചിട്ടുകൊടുക്കാൻ മേഴ്സി പുറത്തിറങ്ങി. ഇരുട്ടിലിറങ്ങിനിന്നപ്പോൾ അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി. പുറത്തേക്കിറങ്ങിവന്ന തങ്കച്ചൻ അതു കണ്ടു.

"എന്നതാ കൊച്ചേ നീയിങ്ങനെ... നീ ഒന്നുമോർക്കേണ്ട. നമ്മൾക്കങ്ങനെ ആരുമില്ലായിരുന്നുവെന്ന് അങ്ങോർക്കുക. പോട്ടെ, പിള്ളേരു കാണും..." "എന്നാലും എന്റെ തങ്കച്ചായാ..." ഉള്ളിൽ അടക്കുംതോറും അണപൊട്ടിയൊഴുകുംപോലെ കണ്ണീർ ഇരമ്പിവന്നു. മുഖംതുടച്ച് അത്താഴം വിളമ്പിവെച്ച് മേഴ്സി കട്ടിലിൽ പോയിക്കിടന്നു. ഓർമകൾ അവളുടെ മനസ്സിനെ പിന്നിലേക്കു പിടിച്ചുവലിച്ചു.

കാളവണ്ടിക്കാരൻ മത്തായിക്കുട്ടിയുടെയും ഈത്തമ്മയുടെയും മൂന്നു പെൺമക്കളിൽ മൂത്തവളായിരുന്നു മേഴ്സി. ഇളയ സഹോദരിമാർക്ക് അമ്മയുടെ സ്ഥാനത്ത് നിന്ന് അവൾ വേണ്ടതെല്ലാം ചെയ്തു. ബീന അവളേക്കാൾ നാലു വയസ്സിന് ഇളയത്. നിമ്മിയാണെങ്കിൽ 8 വയസ്സിളപ്പം. സ്കൂളിൽ പഠിക്കാൻ പോകുമ്പോൾ ആരെങ്കിലും ഒരു മിഠായി കൊടുത്താൽ അവൾ അതു തിന്നില്ല. വീട്ടിൽ കൊണ്ടുവന്ന് പകുത്ത് അനുജത്തിമാർക്കു നൽകും. മേഴ്സി അഞ്ചാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് അമ്മയ്ക്ക് പക്ഷപാതം പിടിപെട്ടത്. ഒരു വശം തളർന്ന് കിടക്കുന്ന ഈത്തമ്മ. മത്തായിക്കുട്ടിക്ക് മുഴുവൻ നേരവും കൂട്ടിരിക്കാൻ പറ്റ്വോ? കാളകൾക്ക് തീറ്റിയും കുടിയും ആരുണ്ടാക്കും?

'മോളിനി സ്കൂളിൽ പോകേണ്ട.' അപ്പന്റെ വേദനയും അമ്മയുടെ രോഗവും മേഴ്സിയുടെ പഠനം നിർത്തിച്ചു. രണ്ടുവർഷം കിടന്ന കിടപ്പിൽ കിടന്ന ഈത്തമ്മ മരണത്തിനു കീഴടങ്ങിയപ്പോൾ 12 വയസ്സുള്ള മേഴ്സി ആ കുടുംബനാഥയുടെ സ്ഥാനം ഏറ്റെടുത്തു. അനുജത്തിമാർ സ്കൂളിൽ പോയിവരുമ്പോൾ അവരുടെ തുണികളലക്കി, അവർക്കു ഭക്ഷണമൊരുക്കി അപ്പനും അനുജത്തിമാർക്കുംവേണ്ടി മറ്റൊരു വണ്ടിക്കാളയായ് മേഴ്സി.

മേഴ്സിക്കു 19 വയസ്സുള്ളപ്പോഴാണ് തങ്കച്ചനുമായുള്ള കല്യാണാലോചന വന്നത്. തരക്കേടില്ലാത്ത പയ്യൻ. സ്വന്തമായി ഒരു കാളവണ്ടി. സ്ത്രീധനം ഒത്തിരിയൊന്നും ചോദിച്ചില്ല. ഈത്തമ്മയുടെ അഞ്ചുപവൻ ഉണ്ടായിരുന്നതും പതിനായിരം രൂപയും. പൊതുവേ ശാന്തപ്രകൃതിയായിരുന്ന മേഴ്സിയും ദുഃശ്ശീലങ്ങളൊന്നുമില്ലാത്ത തങ്കച്ചനും. തങ്കച്ചന്റെ മുടന്ത് മേഴ്സിക്കൊരു കുറവായി തോന്നിയില്ല. സ്നേഹമുള്ള ഭർത്താവിനെ കിട്ടിയതിന് അവൾ ഓരോ ദിവസവും ദൈവത്തിനു നന്ദി പറഞ്ഞു. അപ്പൻ നേരത്തെ മരിച്ചുപോയ തങ്കച്ചനും അമ്മയും മാത്രമാണ് ആ കുടുംബത്തിലുണ്ടായിരു

ന്നത്. തങ്കച്ചന്റെയമ്മയ്ക്കാണെങ്കിൽ മേഴ്സിമോൾ തനിക്കു പിറക്കാതെപോയ തന്റെ സ്വന്തം മകൾ തന്നെയെന്നു പറയാം.

ഇടയ്ക്കിടെ ചന്തയിൽവച്ച് അമ്മായിയപ്പനും മരുമകനും തമ്മിൽ കാണും. മേഴ്സി ഇടയ്ക്ക് അച്ചാറിട്ട് വീട്ടിൽ കൊണ്ടുപോയി കൊടുക്കും. അവരു പിള്ളേരല്ലേ. കോളേജിൽ പഠിക്കുകയല്ലേ. ഓണവും ക്രിസ്തുമസ്സുമൊക്കെ വരുമ്പോൾ രണ്ടുദിവസം മൂന്നു മക്കളേംകൂട്ടി മേഴ്സി വീട്ടിൽപോയി നിൽക്കും. "ഓ എന്റെ മേഴ്സി മോളുടെ കൈപ്പുണ്യം നിനക്കൊന്നും കിട്ടിയിട്ടില്ലടീ". അപ്പൻ അനുജത്തിമാരോടങ്ങനെ പറയുമ്പോൾ മേഴ്സി പറയും 'അവരു പിള്ളേരല്ലേ അപ്പച്ചാ...'

ബീനാ നേഴ്സിങ്ങുപഠിച്ച് ഇംഗ്ലണ്ടിൽ പോകുന്നതുവരെ കുടുംബബന്ധങ്ങൾ വളരെ നന്നായിരുന്നു. ബീനയെ ഇംഗ്ലണ്ടിനുവിടാൻ മേഴ്സിയുടെ 5 പവനും തങ്കച്ചൻ ഭാര്യവീട്ടിൽ കൊടുത്തു. ഇംഗ്ലണ്ടിൽപോയ ബീന ആദ്യതവണ തിരികെ വന്നപ്പോളാണ് കുടുംബവീട് വിറ്റ് മത്തായിക്കുട്ടിയും നിമ്മിയും എറണാകുളത്ത് പുതുതായി അവൾ വാങ്ങിയ മൂന്നുനില വീട്ടിലേക്ക് താമസം മാറ്റിയത്. കാളവണ്ടി ഓടിച്ചിരുന്ന മത്തായിക്കുട്ടി വളരെ പ്രയാസപ്പെട്ടാണ് കാറോടിക്കാൻ പഠിച്ചത്. ബീന ഇംഗ്ലണ്ടിൽ തന്നെ സായിപ്പിനെ കല്യാണം കഴിച്ച് താമസമാക്കിയപ്പോൾ നിമ്മിയും മത്തായിക്കുട്ടിയുംകൂടി അങ്ങോട്ടു പോയി. അടുത്ത തവണ എല്ലാവരും ഒരുമിച്ച് വന്നപ്പോൾ നിമ്മിയുടെ കല്യാണം നടന്നു. അവളുടെ ചെറുക്കനും ഇംഗ്ലണ്ടിൽ ജോലിയുള്ള മലയാളിപ്പയ്യൻ. അനുജത്തിമാരും അപ്പനും തന്റെ വീട്ടിലേക്ക് വരുന്ന ദിവസവും കാത്ത് മേഴ്സിയും തങ്കച്ചനും ഇരിക്കുന്ന കാര്യമൊന്നും അവരോർത്തില്ല. പോകുന്ന ദിവസം അടുത്ത വീട്ടിലേക്ക് ഒരു ഫോൺകോൾ. "മേഴ്സിചേച്ചിയോടു പറയണം സമയമൊട്ടും കിട്ടിയില്ല. അടുത്ത തവണ വരുമ്പോൾ ആ വഴി വരാം..."

പണം മനുഷ്യന്റെ ജീവിതത്തെ എത്ര വ്യത്യാസപ്പെടുത്തും? പാവം മേഴ്സി. അവളുടെ സങ്കടം തങ്കച്ചന്റെ ആശ്വാസവാക്കുകളിൽ അവൾ മറച്ചു. വല്ലപ്പോഴും തന്റെ അമ്മയെ അടക്കിയിരുന്ന ശവക്കല്ലറയുടെ മുമ്പിൽ മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുമ്പോൾ അവൾ സ്വയം ആശ്വസിക്കും. അവരു മിടുക്കരായി. പക്ഷേ എനിക്കും ദൈവം ഇത്രയൊക്കെ തന്നല്ലോ. സ്നേഹമുള്ള ഭർത്താവും മൂന്നു മക്കളും. സമ്പത്തി നല്ലേ കുറവുള്ളു.




സാരമില്ല... അതൊക്കെ ഉണ്ടാകും.

ഇന്ന് തങ്കച്ചൻ പിണ്ണാക്കു പൊതിഞ്ഞുകൊണ്ടുവന്ന പത്രം വെറുതെ നോക്കിയപ്പോഴാണ് മേഴ്സിയുടെ മനസ്സു കലങ്ങിയത്. 30-ാം ചരമദിനം ഇംഗ്ലണ്ടിൽ ആഘോഷിച്ച തന്റെ അപ്പന്റെ ചിത്രം. ചിത്രത്തിനു താഴെ മക്കളുടെ പേരുകൾ - ബീനാ ലിവിങ്സ്റ്റൺ, നിമ്മി നിഖിൽ. രണ്ടും പേരും ഇംഗ്ലണ്ട്. അപ്പോൾ ഞാൻ... ഞാൻ ആരാണ്? കണ്ണുനീരുകൊണ്ടു തലയിണ കുതിർന്നപ്പോൾ തങ്കച്ചൻ അവളുടെ നെറ്റിയിൽ ശാന്തമായി തലോടി. "കൊച്ചേ നീ വിഷമിക്കാതെ. നിനക്കു ഞാനില്ലേ...?"

# തളർന്നാലും തകരാതെ

മധ്യവേനലവധി ഏതാണ്ട് തീരാറായി. കൊച്ചുകൂട്ടുകാരെല്ലാം പുതിയ അധ്യയനവർഷത്തിലേക്ക് പദമൂന്നി നിൽക്കുകയാണ്. പുതിയ യൂണിഫോമും ബാഗും ഒക്കെയായി സ്കൂളിൽ പോകാൻ തിരക്കു കൂട്ടുന്ന ബാല്യം. കൂട്ടത്തിൽ എസ്.എസ്.എൽ.സി.യുടെയും ഇപ്പോൾ പ്ലസ്ടുവിന്റെയും റിസൾട്ടും അറിഞ്ഞു. ഉദ്ദേശിച്ച ഫലം കിട്ടിയവരും പ്രതീക്ഷകൾക്ക് വിരുദ്ധമായി നിരാശരായവരും എല്ലാം കൂട്ടുകാരുടെ ഇടയിലുണ്ട്. അല്പംകൂടി പഠിച്ചിരുന്നെങ്കിൽ എന്ന് വേദനയോടെ നെടുവീർപ്പിടുന്നവരും ധാരാളം.

കൂട്ടുകാരേ, വന്നുപോയ കുറവുകളിലേക്ക് നോക്കി വേദനിക്കുകയാണോ നിങ്ങൾ? പ്രതീക്ഷിച്ചത് ലഭിക്കാതെ വന്നപ്പോൾ നിരാശപ്പെടുകയും ജീവിതത്തിൽനിന്ന് ഒളിച്ചോട്ടം നടത്താൻ തീരുമാനിക്കുകയുമല്ല ചെയ്യേണ്ടത്. ഒരു മുഴം കയറിലും ഇത്തിരി വിഷത്തിലും ആശ്വാസം കണ്ടെത്താമെന്ന് ധരിക്കരുത്. ജീവിതത്തെ ധൈര്യത്തോടെ നേരിടാനുള്ള കരുത്താർജ്ജിക്കുകയാണ് കരണീയമായിട്ടുള്ളത്. ദൈവത്തിന്റെ ദാനമാണ് ജീവൻ. അതിനെ നശിപ്പിക്കാൻ നമുക്കവകാശമില്ല.



പത്തരമാറ്റ്: പരീക്ഷയിൽ ഉന്നത വിജയം നേടിയ ലത്തീഷയ്ക്ക് മധുരം നല്കുന്നു. (കടപ്പാട്: ദീപിക മെയ് 9-2009)

• ഷീലമ്മ പൂതക്കുഴ

കൂട്ടുകാർക്കറിയാമോ ഹെലൻ കെല്ലറിന്റെ കഥ? രണ്ടാമത്തെ വയസ്സിൽ കാഴ്ചയും കേൾവിയും സംസാരശേഷിയും നഷ്ടപ്പെട്ട ഒരു പെൺകുട്ടിയായിരുന്നു അവൾ. ജീവിതംകൊണ്ട് മുറിവേറ്റിട്ടും തളരാതെ, തന്റെ തീരാവേദനകളുടെ തീച്ചൂളയിൽനിന്നും ഒരു മീവൽപക്ഷിയെപ്പോലെ അവൾ ഉയിർത്തെഴുന്നേറ്റു. തന്റെ വൈകല്യത്തെ പഴിക്കാതെ, ജീവിതത്തോ പൊരുതി ജയിക്കാൻ അവൾ തീരുമാനിച്ചു. അക്ഷരങ്ങളെ സ്നേഹിച്ച അവൾ, തന്റെ ആത്മാവിഷ്ക്കാരങ്ങൾ കഥക ളിലൂടെയും കവിതകളിലൂടെയും പുറത്തുകൊണ്ടുവന്ന ലോകശ്രദ്ധ നേടി. പ്രസിദ്ധമായ നിരവധി ഗ്രന്ഥങ്ങ രചിക്കുകയും വികലാംഗരുടെ ക്ഷേമം ലക്ഷ്യമാക്കി ലോക യാത്രകൾ നടത്തുകയും അങ്ങനെ ലോകപ്രശസ്തയാ യിത്തീരുകയും ചെയ്ത വ്യക്തിയാണ് ഹെലൻ കെല്ലർ.

പത്താം ക്ലാസ് പരീക്ഷാഫലം വന്നശേഷം “തീരാവേദനകൾ തോറ്റു. ലത്തീഷ ജയിച്ചു” എന്ന തലക്കെട്ടോടുകൂടി ദീപികയിൽ വന്ന വാർത്ത കൂട്ടുകാർ വായിച്ചോ? അസ്ഥികൾ ഒടിയുന്ന അപൂർവ്വ രോഗം ബാധിച്ച്, വളർച്ച മുരടിച്ച ലത്തീഷ എന്ന പെൺകുട്ടി, തന്റെ രോഗത്തെയും വൈകല്യത്തെയും തോല്പിച്ച് എസ്.എസ്.എൽ.സി.ക്ക് ഉന്നതവിജയം കരസ്ഥമാക്കി. രോഗം സമ്മാനിച്ച തീരാവേദനയെ പഴിച്ച് ജീവിതം നഷ്ടപ്പെടുത്താതെ ഉറച്ച ബോധ്യത്തോടെ, തന്റേടത്തോടെ ജീവിതത്തെ നേരിട്ട അവൾ, തന്റെ ദുർബലമായ കരങ്ങൾകൊണ്ട് കീബോർഡിൽ ഹൃദയസ്പർശിയായ സംഗീതം പൊഴിക്കുകയും മിഴിവാർന്ന ചിത്രങ്ങൾ വരയ്ക്കുകയും ചെയ്യുന്നു. എത്ര ധന്യമാണ് ഈ ജീവിതമാതൃക, അല്ലേ കൂട്ടുകാരേ?

കൊച്ചുകൂട്ടുകാർ ഓരോരുത്തരും നന്നായി ചിന്തിച്ച് ഉറച്ച തീരുമാനമെടുക്കുക. കുറവുകളെപ്പറ്റി ചിന്തിച്ച് ജീവിതം നഷ്ടപ്പെടുത്താതെ നാളെയിലേക്ക് നോക്കി, നിശ്ചയദാർഢ്യത്തോടെ മുന്നേറുക. എങ്കിൽ ‘ഇന്നലെ’ കൈവിട്ടുപോയത്, പത്തിരട്ടിയായി ‘നാളെ’യിൽ കരഗതമാക്കാൻ കഴിയും. അതിനുള്ള നല്ല മനസ്സും പരിശ്രമവും ഓരോരുത്തർക്കും ഉണ്ടാവണം. ഒപ്പം ദൈവാശ്രയബോധവും. ആകാശപ്പറവയെയും വയൽപ്പൂവിനെയും പരിപാലിക്കുന്ന നല്ല ദൈവം നമ്മുടെ ഓരോരുത്തരുടെയും കാര്യത്തിൽ ജാഗ്രതയുള്ളവനാണ്. ആ ദൈവിക പദ്ധതിക്ക് വിട്ടുകൊടുത്തുകൊണ്ട്, ഹെലൻ കെല്ലറിന്റെയും ജീവിതമാതൃകയിൽ നിന്നും പ്രചോദനമുൾക്കൊണ്ട് നാളെയെ കരുപ്പിടിപ്പിക്കുന്നവരാകാൻ കൊച്ചു കൂട്ടുകാർക്ക് ഓരോരുത്തർക്കും കഴിയട്ടെ.


# വചന ചിന്ത (മർക്കോ 11:15-19)

● കൊച്ചുറാണി മങ്ങാട്ട്

**ദൈ**വാലയം എന്നതിന് ശരീരം എന്നൊരു അർത്ഥം കൂടിയുണ്ട്. അവൻ ദൈവാലയത്തിലേക്കു പ്രവേശിച്ചു എന്നു പറയുമ്പോൾ ശരീരമാകുന്ന ദൈവാലയത്തിലേക്കുള്ള അവന്റെ കടന്നുവരവിനെ ചിന്തിക്കുക ഉചിതമാണ്. ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ അവൻ പുറത്താക്കാൻ തുടങ്ങി എന്നത് ഒന്നിരുത്തി ചിന്തിക്കേണ്ട യാഥാർത്ഥ്യമാണ്. നമ്മുടെ ജീവിതമാകുന്ന, ശരീരമാകുന്ന ദൈവാലയത്തിലേക്ക് അവൻ കടന്നുവരുമ്പോൾ എന്തായിരിക്കും അവന്റെ മനോവികാരങ്ങൾ, ഭാവവ്യത്യാസങ്ങൾ? ഒരുപക്ഷേ അഗ്നിക്കിരയാക്കുക എന്നതായിരിക്കും കൂടുതൽ എളുപ്പം എന്നു തോന്നുന്നു. കാരണമുണ്ട് ക്രയവിക്രയം അത്രയ്ക്ക് മേന്മയുള്ളതാണല്ലോ.

അവിടുത്തെ വിളിക്ക് യോജിച്ച ക്രയവിക്രയങ്ങളാണോ നിന്നിൽ നടക്കുന്നത് എന്നതാണ് ചിന്തിക്കേണ്ടത്. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവില്പനക്കാരുടെ ഇരിപ്പിടങ്ങളും തട്ടിമറിച്ച്, ദൈവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോയവരെയൊക്കെ അവൻ അടിച്ച് പുറത്താക്കുന്നു. അവനെ പ്രകോപിപ്പിച്ച സംഭവങ്ങൾ ഇതിലും ശോചനീയവും ഭീകരവുമായ അവസ്ഥയിൽ നിന്നിൽ, നിന്റെ അനുദിനജീവിതത്തിൽ അരങ്ങേറുന്നില്ലേ? ഇവിടെ എല്ലാം ഭദ്രം എന്ന നിലപാടാണെങ്കിൽ തമ്പുരാനിടപെടേണ്ടിവരും.

നാണയം എപ്പോഴും മൂല്യമുള്ളതാണ്. നിന്റെ സമർപ്പണത്തിൽ, ദാമ്പത്യജീവിതത്തിൽ മൂല്യമുള്ളതും കാത്തുസൂക്ഷിക്കേണ്ടതുമായവ മാറ്റം ചെയ്യുന്നുവെങ്കിൽ...? പ്രാവുകളെപ്പോലെ, ശിശുക്കളെപ്പോലെ നിഷ്ക്കളങ്കമായിരിക്കേണ്ട നിന്റെ ഹൃദയം കളങ്കത്തിന്റെ ഇരിപ്പിടമാണെങ്കിൽ...? നിന്റെ ശരീരമാകുന്ന ദൈവാലയം ദൈവാലയത്തിന്റെ പവിത്രതയിൽനിന്നും സത്രത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് അധഃപതിച്ചുവെങ്കിൽ...? നീ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കി തീർത്തിരിക്കുന്നു. നെഞ്ചുകീറി പ്രാർത്ഥിക്കാം ദൈവമേ എന്നെ നീ അഗ്നിയാൽ ശുദ്ധീകരിക്കണമേ...





# അരൂപിയിൽ ആനന്ദിക്കാം


• നോയൽ ജോർജ്ജ്

പരിശുദ്ധാത്മാവിൽ ആനന്ദിച്ച് ദൈവത്തെ സ്തുതിക്കുന്ന ഈശോയെ സുവിശേഷത്തിൽ നമുക്ക് കാണാനാവും (ലൂക്കാ 10:21). അരൂപിയാൽ നിറയുന്ന ഈശോ തന്റെ പിതാവിനെ മഹത്ത്വപ്പെടുത്തുന്നു. ദൈവാരൂപിയുടെ വരദാനങ്ങളിൽ ഒന്നാണല്ലോ ആനന്ദം.

എലിസബത്തിനെ സന്ദർശിക്കുന്ന പരിശുദ്ധ മറിയത്തിന്റെ അഭിവാദനസ്വരം ശ്രവിച്ചപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് എലിസബത്ത് ഉദ്ഘോഷിക്കുന്നു. "നീ സ്ത്രീകളിൽ അനുഗൃഹീത, നിന്റെ ഉദരഫലവും അനുഗൃഹീതം!" പരി. മറിയം പ്രതിവചിക്കുന്നു: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു; എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:39-47).

എന്റെ ആനന്ദം ദൈവാരൂപിയിലോ അതോ മറ്റു വ്യക്തികളിലും വസ്തുക്കളിലും സാഹചര്യങ്ങളിലുമോ? അരൂപിയാൽ നിറഞ്ഞ്, ദൈവത്തെ സ്തുതിക്കുവാൻ തക്കവിധം ദൈവാത്മാവ് എന്നിൽ പ്രവർത്തനനിരതനോ? എന്റെ സാന്നിധ്യം എന്നെ കാണുന്ന സഹോദരന് ദൈവത്തെ സ്തുതിക്കാൻ നിമിത്തമാകുന്നുണ്ടോ?

ദാവീദിന്റെ പുത്രാ, കരുണയായിരിക്കേണമെ. എന്നെ കാണുന്നവൻ, എന്നിൽ നിന്നെ കാണുവാൻ നീ എന്നിൽ മനുഷ്യാവതാരം ചെയ്യണമെ. ദൈവാത്മാവിനാൽ സ്വയം നിറഞ്ഞുകൊണ്ട്, എനിക്ക് ചുറ്റുമുള്ളവരെ അരൂപിയാൽ നിറച്ച് ദൈവത്തെ സ്തുതിക്കുവാൻ പ്രാപ്തരാക്കുവാൻ, ഇസ്രായേലിന്റെ ദൈവമേ, നീ എന്നിൽ ഇറങ്ങിവന്ന് വസിക്കേണമെ.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ.....

• റ്റെസി കറുകപ്പറമ്പിൽ

സ്നേഹപിതാവായ ദൈവമേ, അവിടുത്തെ മക്കളായ ഞങ്ങൾ സഭയുടെ വളർച്ചയുടെ ഈ കാലയളവിൽ, അങ്ങേ പ്രിയപുത്രിയായ പരി. അമ്മയോടൊപ്പം ഞങ്ങളുടെ ജീവിതത്തെയും തിരുമുമ്പിൽ അർപ്പിക്കുന്നു. വിശ്വാസത്തിൽ ഞങ്ങളെ പരിരക്ഷിക്കുകയും പ്രതീക്ഷയിൽ ഞങ്ങളെ ഉറപ്പിക്കുകയും സ്നേഹത്തിൽ ഞങ്ങളെ വളർത്തുകയും ചെയ്യണമേ.

***ഒന്നാം ദൈവരഹസ്യം:***

**"ദൈവത്തിന്റെയും സഭയുടെയും അമ്മയായ പരി. മറിയം"**

യോഹ. 19,27 *"ഈശോ തന്റെ അമ്മയോടു പറഞ്ഞു, സ്ത്രീയേ ഇതാ നിന്റെ മകൻ".* സഭായാത്രയിൽ നമ്മുടെ തീർച്ചയുടെ അടയാളമായ പരി.അമ്മയെ ധ്യാനിക്കാം.

അമ്മേ, സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും അനൈക്യവും അശാന്തിയും നിറയുമ്പോൾ ഈശോയുടെ സമാധാനം ഞങ്ങളുടെ ജീവിതങ്ങളെ ഭരിക്കുവാനും അങ്ങനെ സഭയോടൊത്ത് തീർച്ചയുടെയും വിശ്വാസതീക്ഷ്ണതയുടേതുമായ ജീവിതം നയിക്കുവാനും ഞങ്ങളെ സഹായിക്കണമേ (1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.).

***രണ്ടാം ദൈവരഹസ്യം***

**"വാഗ്ദാനങ്ങളിൽ വിശ്വസിച്ച പരി. അമ്മ"**

ലൂക്കാ 1,45 *"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"* പൂർവ്വപിതാക്കളെപ്പോലെ ജറുസലേമിന്റെ രക്ഷ പ്രതീക്ഷിച്ചിരുന്നവളായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

അമ്മേ മാതാവേ, ജീവിതയാത്രയിൽ അവിശ്വസ്തതയും, കുറവുകളും ഞങ്ങളെ നിരാശരാക്കുമ്പോൾ, നിന്നെപ്പോലെ ദൈവം കൂടെയുണ്ടെന്നു വിശ്വസിക്കുവാനും തന്റെ പ്രിയപ്പെട്ടവർക്ക് വേണ്ടതെല്ലാം അവിടുന്ന് നല്കുമെന്നു കരുതുവാനും ഞങ്ങളെയും അനുഗ്രഹിക്കണമേ (1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.).

***മൂന്നാം ദൈവരഹസ്യം***

**"പ്രാർത്ഥനയിലും ഉദാരതയിലും ജീവിച്ച പരി. അമ്മ"**

ലൂക്കാ 2,19 *"മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു"* പ്രാർത്ഥനയിലൂടെ എപ്പോഴും ദൈവൈക്യത്തിലായിരുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, സഹനങ്ങളിലും രോഗങ്ങളിലും ഞങ്ങൾ തളരുമ്പോൾ ഇവയിലൂടെ കടന്നുവരുന്ന ദൈവികനന്മയെ തിരിച്ചറിയുവാൻ ഞങ്ങൾക്കു കൃപ തരണമേ. അങ്ങനെ ദൈവത്തിലാശ്രയിച്ച് ആത്മീയ ശക്തിയിൽ വളരുവാൻ വേണ്ട കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ (1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.).

***നാലാം ദൈവരഹസ്യം***

**"മധ്യവർത്തിയായ പരി. അമ്മ"**

യോഹ 2,5 *"അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ".* ആവശ്യസമയത്ത് സഹായമേകുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ ഞങ്ങൾ പാപസാഹചര്യങ്ങളിൽ വീണു പോകുമ്പോഴും സ്നേഹവും, പ്രതീക്ഷയും ഞങ്ങൾക്കു നഷ്ടപ്പെടുമ്പോഴും ഈശോയിലേക്ക് ഞങ്ങളെ ചേർത്തുനിർത്തുവാൻ അമ്മ തുണയായി കൂടെയുണ്ടെന്ന് ഞങ്ങൾ അറിയുന്നു. അമ്മയുടെ മാതൃസഹജമായ സംരക്ഷണവും സാന്നിധ്യവും എപ്പോഴും നൽകി ഞങ്ങളെ ശക്തിപ്പെടുത്തണമേ (1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.).

***അഞ്ചാം ദൈവരഹസ്യം***

**"പ്രകാശത്തിൽ ജീവിക്കുന്ന പരി. അമ്മ"**

നട. 1,14 "ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും ....പ്രാർത്ഥനയിൽ മുഴുകിയിരുന്നു". പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

അമ്മേ മാതാവേ, ജീവിതകാലം മുഴുവൻ ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസൃതം ജീവിച്ചവളേ, പ്രലോഭനങ്ങൾ ഞങ്ങളെ വലയ്ക്കുമ്പോൾ, ഉത്ഥിതനായ ഈശോയിൽ ആശ്രയിച്ച് പരി. ആത്മാവിന്റെ നയിക്കലുകൾക്ക് ഞങ്ങളെ വിട്ടുകൊടുത്തു ജീവിക്കുവാൻ സഹായിക്കണമേ (1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.).

ആശ്രയമാതാവേ, ഞങ്ങളുടെ ജീവിതാനുഭവങ്ങളിലെല്ലാം ദൈവഹിതത്തെ തിരിച്ചറിഞ്ഞ് അമ്മയെപ്പോലെ പ്രാർത്ഥനയിലും ശുശ്രൂഷയിലും സംലഭ്യതയിലും ജീവിച്ച് വിശുദ്ധിയുടെ പ്രകാശം പരത്തുന്നവരാകുവാൻ ഞങ്ങളെ സഹായിക്കണമേ. ആമേൻ.

വിചാരണ

# LTTE & LEFT രണ്ടിനും ഒരേ ഗതി


● ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

അതിപ്രധാനങ്ങളായ ഓരോ പോരാട്ടങ്ങൾ അവസാനിച്ചതിന്റെ ആശ്വാസത്തിലാണ് അയൽരാജ്യങ്ങളായ ഇന്ത്യയും ശ്രീലങ്കയും. നന്മയിൽ വിശ്വസിക്കുന്നവർക്കു വലിയ സമാധാനവും പ്രതീക്ഷയും നല്കുന്ന ഫലങ്ങളിലാണ് ഇരു രാജ്യങ്ങളും എത്തിച്ചേർന്നിരിക്കുന്നത്.

ശ്രീലങ്കയെ സംബന്ധിച്ചിടത്തോളം മൂന്നു പതിറ്റാണ്ടുകളായി ഭീകരപ്രവർത്തനങ്ങൾവഴി ആയിരക്കണക്കിനു ജീവനുകൾക്കന്ത്യവും ലക്ഷങ്ങളുടെ ജീവിതങ്ങൾക്കു ദുരിതവും തീർത്ത് രാജ്യത്തിന്റെ ദുരന്തമായി മാറിയിരുന്ന തമിഴ്പുലികളുടെ ഭീകരതയ്ക്കറുതിവരുത്തിയ നാളുകളാണിത്. തമിഴ്ജനതയനുഭവിച്ച വിവേചനങ്ങൾക്കെതിരെയാരംഭിച്ച നീതിസമരമാണ് പിന്നീട് നായകനായ പ്രഭാകരന്റെ സ്വാർത്ഥതയുടെയും വികലചിന്തകളുടെയും ഫലമായി വലിയ ഭീകരപ്രസ്ഥാനമായി വളർന്ന് നാട്ടിൽ നാശം വിതച്ചത്. തമിഴ് വംശത്തിന്റെ രക്ഷകനായി അവതരിച്ച നേതാവുതന്നെ സ്ത്രീകളെയും കുട്ടികളെയുമുൾപ്പെടെയുള്ളവരെ പോരാളികളായും ചാവോറുകളായും ഉപയോഗിച്ച് അവർക്കേറ്റവും വലിയ ശാപമായിത്തീർന്നു! ഏതായാലും ശ്രീലങ്കൻ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനം ആ ഭീകരതയ്ക്കറുതിവരുത്തിയിരിക്കുകയാണ്. തമിഴ് ജനതയോടുള്ള വിവേചനമവസാനിപ്പിക്കാനുള്ള ശക്തമായ നടപടികൾ കൂടി സർക്കാർ സ്വീകരിച്ചാൽ ഈ ഭീകരവിരുദ്ധ യുദ്ധത്തെ അപലപിക്കാൻ ആർക്കും സാധിക്കില്ല.


ഏകദേശം തമിഴ്പുലികളുടേതിനു സമാനമായ അവസ്ഥയിലാണ് ഇന്ന് ഇന്ത്യയിലെ ഇടതു പ്രസ്ഥാനം; പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളി വർഗത്തെയും പാവപ്പെട്ടവരെയും ചൂഷണങ്ങളിൽനിന്നു രക്ഷിക്കാൻ വേണ്ടി അവതരിച്ചതാണ് കമ്മ്യൂണിസ്റ്റുകാർ. പക്ഷെ പാർട്ടിയിൽ ചേർന്ന ഏതെങ്കിലും ഒരു പാവപ്പെട്ടവൻ തന്റെ അധോഗതിയിൽനിന്ന് കരകയറിയതായി ചരിത്രമില്ല. ക്രമമായി പുരോഗതി പ്രാപിക്കുന്ന സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പാർട്ടിയേയും അണികളെയും കൈപിടിച്ചുയർത്തുന്നതിനു പകരം സമൂഹപുരോഗതിയെ താങ്ങിനിറുത്തുന്ന ദൈവവിശ്വാസത്തിന്റെയും നന്മയുടെയും ധാർമ്മികതയുടെയും നെടുംതൂണുകൾ തച്ചുടച്ച് സമൂഹത്തെ പാർട്ടിയുടെ പരിതാപകരമായ അവസ്ഥയിലേക്കു വീഴ്ത്തി 'സമത്വസുന്ദര' നാടുണ്ടാക്കാൻ നടക്കുന്ന നാടുവാഴികൾക്ക് വിവരവും വിവേകവുമുള്ള സമൂഹം കൊടുത്ത മറുപടിയാണ് ഈ തെരഞ്ഞെടുപ്പു ഫലം. മതം, ധാർമ്മികത, വിദ്യാഭ്യാസം, മൂല്യങ്ങൾ തുടങ്ങിയവയെല്ലാം നശിച്ചാലെ സമത്വമുണ്ടാവുകയുള്ളൂ എന്നു ചിന്തിക്കുന്ന നാശ ക്കോമരങ്ങളാണ് തങ്ങളെന്ന് ഈ നാളുകൾക്കൊണ്ട് അവർ തെളിയിച്ചു കഴിഞ്ഞു. ഒരുപക്ഷേ ഒരു രാഷ്ട്രീയ പാർട്ടിയായി മാത്രം അവരെ വീക്ഷിക്കുകയും കൂടെ നില്ക്കുകയും ചെയ്തവരെല്ലാം കമ്മ്യൂണിസത്തിന്റെ തനിസ്വരൂപം മനസിലാക്കിയ നാളുകളാണിത്. അപകടം തിരിച്ചറിഞ്ഞവർ വോട്ടെന്ന ശക്തിയേറിയ ആയുധം കൈയിലെടുത്തു ഈ തെരഞ്ഞെടുപ്പിൽ.

എന്നാൽ പരാജയകാരണം വിലയിരുത്താൻ കൂടിയിരിക്കുന്ന മൂത്താശ്ശാന്മാർ മുക്രയിട്ടുനോക്കിയിട്ടും ലാവ്ലിൻ കേസും വിഭാഗിയതയും പിഡിപി ബന്ധവുമൊ



ക്കെയേ കാരണങ്ങളായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മതത്തെ ജീവനില്ലാത്തതാക്കാൻ ശ്രമിച്ചതും മതനേതാക്കളെ നികൃഷ്ട ജീവികളായി അവതരിപ്പിച്ചതും വിദ്യാഭ്യാസമേഖലയെ ചെമ്പട്ടുടുപ്പിച്ചതും തുടങ്ങി സഹസ്ര കാരണങ്ങൾ ജനമനസിലുള്ളപ്പോഴാണ് പിബിയിലെ കാരണവന്മാർ കാരണങ്ങൾക്കു വേണ്ടി ഗവേഷണം നടത്തുന്നത്!

ഇന്ത്യൻ ജനതയുടെ ഭാഗമായതിൽ നാം അഭിമാനം കൊള്ളേണ്ട ദിനങ്ങളാണിത്. വർഗീയതയുടെ രഥത്തിലേറി അധികാരത്തിലെത്താൻ ശ്രമിച്ചവരെയും ദൈവനിഷേധികളെയും വികസന വിരോധികളെയും നിഷ്കരുണം നിലംപരിശാക്കിയ ഭാരതജനതയുടെ പക്വത ഇനിയെങ്കിലും എല്ലാ രാഷ്ട്രീയ പാർട്ടികളും ഉൾക്കൊണ്ടിരുന്നെങ്കിൽ. പൊതുജനം കഴുതയാണെന്ന പഴങ്കഥയ്ക്കപ്പുറമൊന്നും പഠിച്ചിട്ടില്ലാത്ത നേതാക്കന്മാർ ജനാധിപത്യത്തിന്റെയും രാഷ്ട്രസേവനത്തിന്റെയും ബാലപാഠങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു!



# ദൈവദാസനായ ബിഷപ് വില്യം ജക്വീൻതാ

പിതാവായ ദൈവത്തിന്റെ പരമാവധി സ്നേഹത്തിന്റെ വിപ്ലവകാരനായി, സ്നേഹവിപ്ലവത്തിലൂടെ മാത്രമേ ഈ ലോകത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവൂ, പരമാവധി സ്നേഹമാണ് വിശുദ്ധി, ഈ വിശുദ്ധിയിലേയ്ക്ക് മാനവമക്കൾ മുഴുവൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഉച്ചൈസ്തരം തന്റെ വാക്കുകളിലൂടെ, ജീവിതത്തിലൂടെ പ്രഘോഷിച്ചുകൊണ്ട് പരമാവധി സ്നേഹത്തിനുവേണ്ടി കത്തിജ്വലിച്ച്, ഉരുകിത്തീർന്ന്, സ്നേഹത്തിന്റെ ദീപമായി, സ്നേഹത്തിന്റെ പ്രവാചകശബ്ദമായി മാറുകയായിരുന്നു ദൈവദാസനായ ബിഷപ്പ് വില്യം ജക്വീൻതാ. ആത്മാക്കൾക്കായുള്ള ദാഹത്താൽ 'എനിക്കു ദാഹിക്കുന്നു' എന്ന ആർത്തനാദത്തോടെ കുരിശിൽ പിടഞ്ഞുമരിച്ച ഈശോയുടെ ദാഹം ഏറ്റുവാങ്ങി കുരിശിനെ സ്നേഹിച്ച് കുരിശിനെ സ്വീകരിച്ച് കുരിശിനെനോക്കി പുഞ്ചിരിച്ച് സഹനത്തിന്റെ പുത്രനാവുകയായിരുന്നു അദ്ദേഹം.

*രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരികൊള്ളുന്ന ഒരു കാലഘട്ടത്തിലാണ് യുവവൈദികനായ വില്യം ജക്വീൻതാ തന്റെ അജപാലനവൃത്തിക്ക് തുടക്കം കുറിക്കുന്നത്. യുദ്ധക്കെടുതികളേക്കാൾ അതിൽനിന്നുളവായ മനുഷ്യബന്ധങ്ങളുടെ ശൈഥില്യം അദ്ദേഹത്തിന്റെ ഹൃദയത്തെ മുറിപ്പെടുത്തി. അനീതിയും അക്രമവും കൊലയും കൊള്ളിവയ്പും മനുഷ്യരുടെ ഇടയിൽ കൊടികുത്തിവാണു. ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കാത്ത, ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കാത്ത ലോകം... ഇതെല്ലാം ഫാ. ജക്വീൻതായുടെ ഹൃദയത്തിൽ ഒരു വലിയ കനൽക്കട്ടയായി എരിഞ്ഞുകൊണ്ടിരുന്നു. ഈ ലോകത്തെ മുഴുവൻ സ്നേഹിച്ചുകൊണ്ട് സ്നേഹം തന്നെയായ ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തിന്റെ അകന്ന കണ്ണികളെ വിളക്കിച്ചേർക്കുവാൻ ഫാ. ജക്വീൻതായുടെ അന്തരാത്മാവ് കൊതിച്ചു.*

*സ്വസഹോദരങ്ങളുടെ ഓരോ തുള്ളി രക്തത്തിനും തനിക്കുകൂടി ഉത്തരവാദിത്വമുണ്ടെന്ന അവബോധം അദ്ദേഹത്തെ അസ്വസ്ഥനാക്കി. സ്നേഹത്തിന്റെ അഭാവമാണ് ഈ കെടുതികൾക്കെല്ലാം കാരണമെന്ന സത്യം അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹം തന്റെ ഹൃദയത്തുടിപ്പുകൾ തന്നെ ഏല്പിച്ചിരിക്കുന്ന ദൈവമക്കളുമായി പങ്കിട്ടു. ദൈവത്തിന്റെ വലിയ സ്നേഹത്തിന് പ്രത്യുത്തരം നല്കുവാൻ ആത്മാർത്ഥമായ സ്നേഹത്തിനു മാത്രമേ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. ആ സ്നേഹമാണ് വിശുദ്ധി.*


**സ്നേഹത്തിന്റെ പൂർണ്ണതയായ വിശുദ്ധിയിലേക്കുള്ള വിളിയെ പരിപോഷിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ടി ബിഷപ് വില്യം ജക്വീൻതാ രൂപംനല്കിയ ഒരു അന്തർദ്ദേശീയ പ്രസ്ഥാനമാണ് പ്രോസാങ്ടിറ്റി മൂവ്മെന്റ് അഥവാ വിശുദ്ധിക്കുവേണ്ടിയുള്ള പ്രസ്ഥാനം.**

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

ജൂൺ 2009

For private circulation only




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്